# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.3/1585/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 05/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.3/1585/2022 തീയ്യതി: 05/03/2023

# ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 01-12-2022 | 09-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 09-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സജിതദാസ് (ഓഡിറ്റ് ഓഫീസർ ,ഹ.ഗ്രേഡ്)
ശ്രീ.ജയകൃഷ്ണ.ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
ശ്രീ.ഫമിൻ.എസ്(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
ശ്രീ.ഷിബു.എ.പി(സീനി.ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| എസ് . വിനോദ് കുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു ബാലകൃഷ്ണൻ | സെക്രട്ടറി | 01-04-2021 | 23-01-2022 |
| അനീസ്യ ലാൽ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-01-2022 | 17-02-2022 |
| ശ്രീമതി.സിന്ധു ബാലകൃഷ്ണൻ | സെക്രട്ടറി | 17-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദേവിക. എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| അർച്ചന എസ്. നായർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| നജില നബീസത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 06-12-2021 |
| ലത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-12-2021 | 31-03-2022 |
| ഡോ.ശരത് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.അനിത വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. രശ്മി രാമകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 08-03-2022 |
| ഡോ.മനു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 09-03-2022 | 31-03-2022 |
| ശ്രീ. അരുൺ. ആർ.ജി | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ജയശ്രീ റ്റി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| അരുൺ കുമാർ റ്റി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിനോദ്കുമാർ.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, | 01-04-2021 | 31-03-2022 |
| ശ്രീ. അനീസ്യ ലാൽ. പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ഡോണിയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 11 | രസീതു പരിശോധന - പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് യഥാസമയം തുക വരവ് വെച്ചില്ല -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി. | 1-10 |
| 12 | രസീത് കൂടാതെയുള്ള പണപ്പിരിവ് | 1-11 |
| 13 | അനധികൃത നിർമ്മാണം - നടപടി ഇല്ലാതെ തുടരുന്നു | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13 |
| 15 | ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് | 1-14 |
| 16 | ലൈസൻസില്ലാതെ ഇറച്ചികടകൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് | 1-15 |
| 17 | ഇ-ടെണ്ടർ ഫീസ്- തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | 1-16 |
| 18 | ബയോബിൻ നൽകൽ - ഗുണഭോക്തൃ വിഹിതം, പദ്ധതിപ്പണം ചെലവഴിക്കൽ, വിതരണം എന്നിവയിൽ ഗുരുതര അപാകം | 1-17 |
| 19 | മത്സ്യബന്ധന വല -പണം ചെലവഴിച്ചു, വല ലഭ്യമാക്കി വിതരണം ചെയ്തില്ല | 1-18 |
| 20 | ടേക്ക് എ ബ്രേക്ക് - പ്രവൃത്തി പൂർത്തീകരിക്കാതെ മുഴുവൻ തുകയും അനുവദിച്ചു | 1-19 |
| 21 | കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്ന് വിവിധ പ്രോജക്ടുകൾ വഴിയുള്ള മരുന്ന് വാങ്ങൽ - ലഭിക്കാനുള്ളത് 2.71 ലക്ഷം രൂപയുടെ മരുന്ന് | 1-20 |
| 22 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല | 1-21 |
| 23 | മഴക്കാല പൂർവ്വ ശുചീകരണം - വാർഡ് തല സമിതികൾക്ക് കൈമാറിയ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 24 | ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ -ടെൻഡർ നടപടികളിൽ അപാകം, ചെലവ് രേഖകൾ പൂർണ്ണമായി ലഭ്യമായില്ല | 1-23 |

| | | |
|---|---|---|
| 25 | 1.5 കോടിയിലേറെ രൂപയുടെ മുൻകൂർ - നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു | 1-24 |
| 26 | സ്ലീറ്റ് ലൈൻ എക്സ്റ്റൻഷൻ - നടപ്പാക്കിയത് ഭാഗികമായി മാത്രം | 1-25 |
| 27 | ഹൈസ്പീഡ് സ്കാനർ -തുക നല്കി, ലഭ്യമായിട്ടില്ല | 1-26 |
| 28 | കുടിവെള്ള പദ്ധതികൾ നടപ്പിലായിട്ടില്ല | 1-27 |
| 29 | എം.സി.എഫ് നിർമ്മാണം - പ്രവൃത്തി നടപ്പിലായില്ല | 1-28 |
| 30 | ഐ.കെ.എം.വിഹിതം-കൈപ്പറ്റ് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കണം | 1-29 |
| 31 | പഞ്ചായത്ത് ഓഫീസ് ക്യാബിൻ തിരിക്കലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും-മൂല്യ നിർണ്ണയം നടത്താതെ തുക അനുവദിക്കുന്നു. | 1-30 |
| 32 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല - PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല | 1-31 |
| 33 | ശുചിത്വ മിഷൻ-5.7ലക്ഷം രൂപയോളം നീക്കിയിരിപ്പ്-വർഷങ്ങളായി പ്രോജക്ട് നടപ്പാക്കുന്നില്ല | 1-32 |
| 34 | ഗുണഭോക്തൃവിഹിതം ചെലവഴിക്കപ്പെടാതെയും തിരികെ നല്കാതെയും അക്കൌണ്ടിൽ തുടരുന്നു | 1-33 |
| 35 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയിട്ടില്ല | 1-34 |
| 36 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകതകൾ | 1-35 |
| 37 | ബോർഡുകളിൽ മാത്രമൊതുങ്ങുന്ന ജാഗ്രതാ സമിതി | 1-36 |
| 38 | ഹരിത കർമ്മ സേന - അവലോകനം | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ടേക്ക് എ ബ്രേക്ക് - പ്രവൃത്തി പൂർത്തീകരിക്കാതെ മുഴുവൻ തുകയും അനുവദിച്ചു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 16/02/2021 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 396539500 | 389598500 |
| വാർഷിക കണക്ക് പ്രകാരം (റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>(ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 109422423<br>241098136 | 120422888<br>236878290 |

21/03/2022 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 440624271 | 438108300 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാംവകുപ്പ്, ഉപവകുപ്പ് (1) അനുസരിച്ച് ഈ നിയമത്തിലെ 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും, അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്കുണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും, അതതുവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഘടക സ്ഥാപനങ്ങളോ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളോ ഇപ്രകാരം ബഡ്ജറ്റ് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിലും ഇപ്രകാരം നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യപത്രിക 21.06.2022 ൽ എയിംസിൽ ലഭ്യമാക്കിയിരുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധന

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1.ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പുകളുടെ വിവരം അപാകതകൾ:-

എ)ഡി.സി.ബി തൃക്കുന്നപ്പുഴ അക്കൌണ്ടിൽ 0.13 രൂപ നീക്കിയിരിപ്പുള്ളതായി വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നു. ടി അക്കൌണ്ട് ക്ലോസ് ചെയ്ത് പുതിയ തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റിയ ശേഷവും ഇപ്രകാരം വാർഷിക കണക്കിൽ നീക്കിയിരിപ്പ് വന്നിട്ടുണ്ട്. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

ബി)സാക്ഷരത-88(ഡി.സി.ബി), കെ.എസ്.സി.എ.ഡി.സി-നബാർഡ് അക്കൌണ്ടുകളുടെ സാമ്പത്തിക വർഷാവസാനത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ടി അക്കൌണ്ടുകൾ നിഷ്ക്രിയമായതിനാൽ സ്റ്റേറ്റ്മെന്റ് ലഭ്യമല്ലായിരുന്നു എന്നും ടി തുകകൾ തനത് അക്കൌണ്ടിലേക്ക് പിന്നീട് മാറ്റിയിട്ടുണ്ട് എന്നുമാണ് മറുപടി നല്കിയിട്ടുള്ളത്.

സി)സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇ-പേയ്മെന്റ് അക്കൌണ്ടിൽ 804295/-രൂപ നീക്കിയിരിപ്പ് കാണുന്നു. പലിശ വരവ് ഇല്ലാത്ത ടി അക്കൌണ്ടിലെ തുക തനത് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതായി മറുപടി നല്കി.

എന്നാൽ എ, ബി, സി-പ്രകാരമുള്ള ബാങ്ക് അക്കൌണ്ടുകളിലെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

2. മൂന്ന് വർഷം കഴിഞ്ഞതും കാലഹരണപ്പെട്ടതുമായ നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ബാധ്യതയായി തുടരുന്നത് അപാകതയാണ്.

3.വാർഷിക കണക്ക് പരിശോധനയ്ക്കായി ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല-

എ)വസ്തുനികുതി കണക്കുകളുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള പത്രിക

ബി)വിവിധ വരവ് ഇനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററുകൾ.

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് -കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകൾ (ബി4) പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം വ്യത്യാസം കാണുന്നു-

| | ബി4 | ഹാജരാക്കിയ കണക്കുകൾ, ACR/വെബ് സാംഖ്യ പ്രകാരം വരുന്ന നീക്കിയിരിപ്പ് |
|---|---|---|
| Development Fund-CFC Grant Tied | 2069323 | 2728889 |
| Development Fund-CFC Grant UnTied | 97261 | 33828 |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

5.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച് ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കും സുലേഖ ചെലവ് പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം വരവ് ( RP7+RP31) | വാർഷിക കണക്ക് (I-6)പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2745050 | 2745050 | 2670000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4205760 | 7862482 | 6805760 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം സംബന്ധിച്ച് വാർഷിക കണക്കിൽ മുന്നിരിപ്പും നീക്കിയിരിപ്പും തുല്യമായതിനാൽ (നീക്കിയിരിപ്പിൽ 1095/-തനത് ഫണ്ടിലേക്ക് ക്രമീകരിച്ചതിലൂടെ കുറവ് വന്ന് നീക്കിയിരിപ്പ് 564048/-ആയി, മുന്നിരിപ്പ് 565143/-ആയിരുന്നു-എന്നത് ഒഴികെ) തൻവർഷ വരവ് തന്നെ ചെലവായി വരേണ്ടതാണ് എന്നിരിക്കെയാണ് ഈ വ്യത്യാസങ്ങൾ കാണുന്നത്.

ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ്, വാർഷിക കണക്ക് പ്രകാരം ചുവടെ ചേർക്കുന്ന വിധം വരേണ്ടതാണ്-

മുന്നിരിപ്പ്-3915433 (മുൻവർഷ ബി4 പ്രകാരം)

വരവ്-4205760 (തൻവർഷ ആർ.പി7)

ആകെ-8121193

ചെലവ്-7862482 (തൻ വർഷ ഐ6)

നീക്കിയിരിപ്പ്-258711 (തൻ വർഷ ബി4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുണ്ട്)

എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുക 6805760/-ഇതുമായി പൊരുത്തപ്പെടുന്നില്ല. സുലേഖ ചെലവ് പത്രികയും വാർഷിക കണക്കുമായുള്ള ഈ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

6.വാർഷിക കണക്കിൽ ബി11 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രീതിയിൽ മൂല്യത്തെ അടിസ്ഥാനപ്പെടുത്തി, കാലികമാക്കിയ നിലയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല.

7.കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011- വ്യവസ്ഥ ചെയ്തിട്ടുള്ള പലതും വാർഷികകണക്കിൽ നിലവിൽ ഉൾപ്പെടുന്നില്ല.

എ)അടിസ്ഥാന അനുപാതങ്ങൾ, മുൻവർഷത്തിലെ താരതമ്യ തുകകൾ (Previous Year Amount), എന്നിവ വാർഷിക കണക്കിനൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല.

ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം നല്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തൽ ഇല്ല. രസീത് & പേമെന്റ് പത്രികയിൽ മുൻവർഷ തുകയ്ക്കായി കോളം പോലും നല്കപ്പെട്ടിട്ടുമില്ല.

ബി)ധനകാര്യ പത്രികയിലെ തുകകൾ പൂർണ്ണരൂപത്തിൽ രേഖപ്പെടുത്തേണ്ടതാണെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യുമ്പോഴും ആയത് പാലിക്കപ്പെട്ടിട്ടില്ല. ആർ.പി ഷെഡ്യൂളിൽ 0.13 രൂപ നീക്കിയിരിപ്പ് ചേർത്തിരിക്കുന്നതായി കാണാം.

സി) 2011-ൽ പുതിയ അക്കൌണ്ട്സ് ചട്ടങ്ങൾ വന്നതിന് ശേഷവും മാനുവൽ രസീതുകളിൽ, കാലഹരണപ്പെട്ട 1965ലെ കേരള പഞ്ചായത്ത് (അക്കൌണ്ട്സ്) ചട്ടം 36 ആണ് സൂചിപ്പിച്ച് വരുന്നത്. വാർഷിക കണക്കിൽ പൊതുവായി കാണപ്പെടുന്ന ടി അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24464536 |
| വരവ് | 109422423 |
| ആകെ | 133886959 |
| ചെലവ് | 120422888 |
| നീക്കിയിരിപ്പ് | 13464071 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 5859 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6890841 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24289060 | 6680109 | 30969169 | 30468000 | 501169 (31.03.22ൽ ലഭിച്ച അലോട്ട്മെന്റ്) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2786509 | 221891 | 3008400 | 2723000 | 285400 (31.03.22ൽ ലഭിച്ച അലോട്ട്മെന്റ്) |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 7327300 | 0 | 7327300 | 3055465 | 4271835 (31.03.22 ൽ ലഭിച്ച അലോട്ട്മെന്റ് 493300/-ഉൾപ്പെടെ) |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 7791917 | 0 | 7791917 | 6166951 | 1624966 (31.03.22ൽ ലഭിച്ച അലോട്ട്മെന്റ് 149298/-ഉൾപ്പെടെ) |

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 12757298 | 0 | 12757298 | 10028409 | 2728889 |
| Untied | 0 | 6270828 | 0 | 6270828 | 6237000 | 33828 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 160 | 478157117 | 105 | 89307556 | 12 | 43 | 65.62% |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 112340 | 841893 | 954233 | 768298 | 185935 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 97426968 | 97426968 | 97426968 | |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 435000 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 1426800 | 89 |
| വിധവാ പെൻഷൻ | 12207200 | 816 |
| വാർദ്ധക്യകാല പെൻഷൻ | 24189000 | 2026 |
| വികലാംഗ പെൻഷൻ | 6368900 | 384 |
| അവിവാഹിത പെൻഷൻ | 606000 | 38 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02/12/22 -ന് 2.40 സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2093/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ്

റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.രസീത് ബുക്കുകൾ പ്രകാരമുള്ള തുകകൾ കൃത്യമായി ഒടുക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് മേൽ പരിശോധന നടത്തപ്പെടുന്നില്ല. രസീത് ബുക്കുകൾ ഉപയോഗിക്കാതെയും പണപ്പിരിവ് നടത്തുന്നു.(ഖണ്ഡിക 1-10, 1-11)

4. ആസ്തികൾ സൃഷ്ടിക്കുന്നതിനായി വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല.

5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. പുതിയ നിർമ്മാണങ്ങൾ, നിലവിലുള്ള ആസ്തികളിൽ പിന്നീട് വരുത്തുന്ന മെയിന്റനൻസുകൾ എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പലതിലും നിർമ്മിച്ച വർഷം, വാർഡ് നം. എന്നിവ പോലും രേഖപ്പെടുത്തിയിട്ടില്ല. ഭൂരിഭാഗം തനത് ആസ്തികളും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വളരെ ഗൗരവകരമായി വീക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾ ഉൾപ്പെടെയുള്ള ആസ്തികൾ(ഖണ്ഡിക 1-19, 1-28 കാണുക) ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 രസീതു പരിശോധന - പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് യഥാസമയം തുക വരവ് വെച്ചില്ല -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഒടുക്കി.

1) ഗ്രാമപഞ്ചായത്തിലെ രസീതുകൾ പരിശോധിച്ചതിൽ നിന്നും ഏതാനും രസീതുബുക്കുകളിലെ രസീതുകൾ പ്രകാരം പിരിച്ചെടുത്ത തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവ് വെച്ചിരുന്നില്ല. ഓഡിറ്റ് അന്വേഷണത്തെ (6/21-22) തുടർന്ന് 420 രൂപ രസീത് നം. 1220101629/13.12.22 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി.

2) രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല

പഞ്ചായത്തിൽ നിന്നും ഔട്ട് ഡോർ കളക്ഷന് വേണ്ടി നൽകുന്ന രസീതുബുക്കുകളിലെ രസീതുകളിൽ പലതിലും നൽകിയ തീയതി രേഖപ്പെടുത്തുന്നില്ല.

ഉദാ: രസീത് നം. – 84,85,88,89,90,91,93,94/20259

3) കളക്ഷൻ രജിസ്റ്ററുകളിൽ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയ രസീതുകൾ രസീതുബുക്കുകളിൽ ക്യാൻസൽ ചെയ്യാതെ സൂക്ഷിയ്ക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ:

| ക്രമ നം. | രസീതുബുക്ക് നം. | രസീത് നം. /തീയതി |
|---|---|---|
| 1 | 20264 | 49 (രസീതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല) |
| 2 | 20264 | 57 (രസീതിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല) |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/21-22/ 05-12-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കളക്ഷൻ രജിസ്റ്ററും രസീതുകളും കളക്ഷന് ശേഷം ആവശ്യമായ സൂപ്പർവൈസറി പരിശോധനകൾ നടത്തുന്നില്ല. രസീതുബുക്കുകൾ തികച്ചും അലക്ഷ്യമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതുണ്ട്.

## 1-11 രസീത് കൂടാതെയുള്ള പണപ്പിരിവ്

2021-22 വർഷം വി.ഇ.ഒ നടപ്പാക്കിയ ബയോബിൻ നൽകൽ(പ്രോജക്ട് നം.1159/22) എന്ന പദ്ധതിയ്ക്ക് വേണ്ടി ഗുണഭോക്താക്കളിൽ നിന്നും 163260/- രൂപ പിരിച്ച് പഞ്ചായത്തിലേയ്ക്ക് അടച്ചതായി ലെഡ്ജർ പ്രകാരം കാണുന്നു (രണ്ട് തുകകളായാണ് 31.03.2022-ൽ അടവ് വന്നിട്ടുള്ളത്, 39780+123480 രൂപ വീതം. ഗുണഭോക്തൃവിഹിതം 180/-രൂപ വീതം ആയതിനാൽ ഇത് 907 പേരുടെ വിഹിതം ആകാം എന്ന് അനുമാനിക്കുന്നു). എന്നാൽ വി,ഇ.ഒ ഹാജരാക്കിയ 7 രസീത് ബുക്കുകൾ പ്രകാരം (രസീത് ബുക്ക് നം. 11543,11545,11546,11547,11548,11549,11550) 126000/- രൂപ പിരിച്ചതായി കാണുന്നു. 37260/-രൂപ (163260-126000) രസീതു കൂടാതെയാണ് അടവാക്കിയിട്ടുള്ളത്. ടി രസീതുകളിലൊന്നിലും തീയതി രേഖപ്പെടുത്തിയിട്ടില്ലെന്നും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ലെന്നും കാണുന്നു. രസീതു കൂടാതെ പണം പിരിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്. രസീതു് കൂടാതെയും ശരിയായ രീതിയിൽ രസീതുകളിൽ രേഖപ്പെടുത്തലുകൾ വരുത്താതെയും പിരിവ് നടത്തിയതിനാൽ, ഗുണഭോക്താക്കളിൽ നിന്നു യഥാർത്ഥത്തിൽ പിരിച്ചിട്ടുള്ള തുക എത്രയാണെന്നോ ടി തുക മുഴവനായി പഞ്ചായത്തിലേക്ക് ഒടുക്കുവരുത്തിയിട്ടുണ്ടെന്നോ ഉറപ്പാക്കാനാകുന്നില്ല. സൂലേഖ

ചെലവ് പത്രികയിൽ ഗുണഭോക്തൃവിഹിതം 163260/- രൂപ അടങ്കൽ ആയി കാണിച്ചിട്ടുണ്ടെങ്കിലും ചെലവ് കാണിച്ചിട്ടില്ല. ടി തുക ചെലവായിട്ടില്ലെന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. ബയോ ബിൻ വാങ്ങിയതിന്റെ ചെലവിന്റെ സാധുതയും ഇപ്രകാരം അവ്യക്തമാണ്. ടി വിഷയങ്ങളിൽ അടിയന്തിരമായി വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 26/10-12-22 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിന് ലഭിയ്ക്കാനുള്ള തുക ലഭ്യമാക്കികഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീത് നൽകേണ്ടതും,വിശദാംശം കൗണ്ടർഫോയിലിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇവിടെ രസീത് കൂടാതെ പണം പിരിച്ചെടുത്തിട്ടുള്ളതിനാൽ എത്ര രൂപയാണ് പിരിച്ചെടുത്തതെന്ന് വ്യക്തമല്ലാത്തതിനാൽ ഭരണവകുപ്പിന്റെ തുടരന്വേഷണം ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

## 1-12 അനധികൃത നിർമ്മാണം - നടപടി ഇല്ലാതെ തുടരുന്നു

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന് നൂറ് മീറ്ററിൽ താഴെ മാത്രം അകലെ, തോട്ടപ്പള്ളി വലിയഴീക്കൽ റോഡും തൃക്കുന്നപ്പുഴ മാവേലിക്കര റോഡും സന്ധിക്കുന്ന ജംഗ്ഷനിൽ റോഡിന് വടക്ക്- പടിഞ്ഞാറ് ഭാഗത്തായി വാർഡ് 10 ൽ സ്ഥിതി ചെയ്യുന്ന ഇബ്രാഹിം കുട്ടി, മാമൂലയിൽ വക കെട്ടിടത്തിന് 26 (10) മൂന്ന് നിലകളിലായി 299 മുതൽ 317 വരെ നമ്പർ നൽകിയിട്ടുള്ളതാണ്. ഇതിന്റെ മൂന്നാം നില (II Floor) ക്ക് മുകളിൽ അതായത് പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാർഡ് 3 ൽ 973 മുതൽ 981 വരെ നമ്പർ നൽകിയിട്ടുള്ള കെട്ടിട ഭാഗത്തിന് മുകളിൽ നാലാം നിലയായി 168 ച.മി (12മിx14മി) ഭാഗം മേൽക്കൂര നിർമ്മിച്ചും വശങ്ങൾ മറച്ചും ആറു ശൗചാലയങ്ങൾ, വാഷ് ബൈസണുകൾ, അടുക്കളയ്ക്കായുള്ള പ്രത്യേക ഭാഗം എന്നിവ സ്ഥാപിച്ചും 16 കട്ടിലുകളിട്ടും ഡോർമട്രിയായി ഉപയോഗപ്പെടുത്തി വരുന്നു. ആയതിൽ നിലവിൽ അന്യസംസ്ഥാന തൊഴിലാളികൾ വാടകയ്ക്ക് താമസിച്ച് വരുന്നതായും 5.12.22 ൽ പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ വ്യക്തമായി. ഈ ഭാഗം പെർമിറ്റ് എടുക്കാതെ നിർമ്മിച്ചിട്ടുള്ളതും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാത്തതുമാണെന്ന് കാണുന്നു. കൈവശ ഭൂമിയിൽ പൂർണ്ണമായും നിറഞ്ഞ് നിൽക്കുന്ന വിധമാണ് കെട്ടിടം നിർമ്മിക്കപ്പെട്ടിട്ടുള്ളത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുൻപ് നിർമ്മിക്കപ്പെട്ടതാണ് ആദ്യ മൂന്ന് നിലകൾ. ഇവയും നിലവിൽ അനധികൃതമായി നിർമ്മിച്ച നാലാം നിലയും ഭൂമിയുടെ അതിരിനോട് ചേർത്താണ് നിർമ്മിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ കവറേജ്, എഫ്.എസ്.ഐ (ചട്ടം 27, പട്ടിക 6) നിരത്ത് വിട്ടുള്ള പാർക്കിംഗ്(ചട്ടം 29, പട്ടിക 10), കെട്ടിടത്തിന്റെ ഉയരം (ചട്ടം24), റോഡിൽ നിന്നുള്ള അകലം, തുറസ്സായ സ്ഥലം (ചട്ടം 26(4), പട്ടിക 4,4A), പുറത്തേക്കുള്ള തള്ളലുകൾ (ചട്ടം 26 (10) പട്ടിക 5), കോണിപ്പടികളും അതിന്റെ വലുപ്പവും (ചട്ടം 34(1)) മുതലായ വ്യവസ്ഥകളെല്ലാം ലംഘിച്ചാണ് പ്രസ്തുത നിർമ്മാണം നടത്തിയിട്ടുള്ളത്. പോസ്റ്റ് ആഫീസ് അടക്കം പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിൽ അഗ്നി സുരക്ഷാ വ്യവസ്ഥകളും പാലിച്ചിട്ടില്ല. ചട്ടം 34(2) അനുശാസിക്കുന്ന അഗ്നി സുരക്ഷാ ഗോവണി പോലും ഒരുക്കാതെയാണ് നാലാം നിലയിൽ അനധികൃത നിർമ്മാണം നടത്തി അന്യസംസ്ഥാന തൊഴിലാളികൾക്ക് ഡോർമട്രിയെന്ന നിലയിൽ നൽകിയിരിക്കുന്നത്.

കെട്ടിടത്തിന്റെ കിഴക്കും തെക്കും വശങ്ങളിൽ മേൽക്കൂര കൈവശ ഭൂമിയും കടന്ന് റോഡിലേക്ക് തള്ളിയാണ് നിർമ്മിച്ചിരിക്കുന്നത്. തെക്ക് വശത്ത് ഇത് ഭൂഅതിരിൽ നിന്ന് രണ്ട് മീറ്ററും റോഡിലേക്ക് ഒരു മീറ്ററിലധികവും തള്ളി നിൽക്കുകയാണ്. ഇത് റോഡ് യാത്രക്കാർക്കുൾപ്പടെ സുരക്ഷാഭീഷണി ഉയർത്തുന്നതുമാണ്.

ഇങ്ങനെ വ്യവസ്ഥകൾ ലംഘിച്ച് അധിക നിർമ്മാണം നടത്തുക വഴി ഈ കെട്ടിടം ഒന്നാകെ അനധികൃതമായി മാറ്റപ്പെട്ടിരിക്കുന്നു. എന്നിട്ടും അനധികൃത നിർമ്മാണം എന്ന നിലയിൽ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ കൈക്കൊണ്ടിട്ടില്ല. കെട്ടിട നമ്പർ റദ്ദ് ചെയ്ത് യു.എ നമ്പറാക്കി മാറ്റുകയോ അനധികൃത നിർമ്മാണം എന്ന നിലയിൽ അധിക നികുതി ചുമത്തുകയോ അനധികൃത നിർമ്മാണം പൊളിച്ച് നീക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യുകയുണ്ടായില്ല.

പ്രസ്തുത കെട്ടിടത്തിന് പടിഞ്ഞാറായി കമ്പളത്ത് സൈനുലാബ്ദീൻ വക സ്ഥലത്ത് കമ്പളത്ത് ആഡിറ്റോറിയത്തിനോട് ചേർന്ന് താഴെ കിഴക്ക് വശത്തായി നൂറ് ച.മീ. ഓളം പുതിയ കെട്ടിട നിർമ്മാണം പഞ്ചായത്തിൽ നിന്ന് പെർമിറ്റെടുക്കാതെ നടത്തപ്പെടുന്നതായും പ്രാദേശിക പരിശോധനയിൽ വ്യക്തമായി. ഈ നിർമ്മാണത്തിന്മേലും പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

അനധികൃത നിർമ്മാണങ്ങളുടെ മേൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും റോഡിലേക്ക് തള്ളി നിൽക്കുന്നതും സുരക്ഷാഭീഷണി ഉയർത്തുന്നതുമായ ഭാഗങ്ങൾ പൊളിച്ച് നീക്കാൻ കാലതാമസം ഉണ്ടാവാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 (എ-കെ വരെ) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവയും, പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ നിന്നും 12 കയർ സഹകരണ സംഘങ്ങളെയും, 2 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തി ജീവനക്കാരുടെ തൊഴിൽ നികുതി, ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ചട്ടം 205 എഫ് പ്രകാരം എല്ലാ വർഷവും ആഗസ്റ്റ്, ഫെബ്രുവരി മാസം അവസാനിയ്ക്കുതിന് മുൻപ് സെക്രട്ടറി നൽകുന്ന നോട്ടീസ് പ്രകാരം എല്ലാ ഓഫീസ് തലവൻമാരും തങ്ങളുടെ കീഴിലുള്ള ജീവനക്കാരുടെ കണക്കാക്കുകയും റിട്ടേൺ പഞ്ചായത്തിൽ സമർപ്പിയ്ക്കുകയും വേണം. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 രണ്ട് അർദ്ധവർഷവും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| നം. | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 9/246/ | സെക്രട്ടറി സി.വി.സി.എസ്. 507 | 1&2 |
| 2 | 17/430 | സെക്രട്ടറി സി.വി.എസ്. A680 | 1&2 |
| 3 | 15/335/B | സെക്രട്ടറി സി.വി.സി.എസ്,പാനൂർ | 1&2 |
| 4 | 6/31 | സെക്രട്ടറി സി.വി.എസ്. 486 | 1&2 |
| 5 | 6/450 | സെക്രട്ടറി സി.വി.എസ്.722 | 1&2 |
| 6 | 15/75 | സെക്രട്ടറി സി.വി.എസ്. 687 | 1&2 |
| 7 | 3/361,363 | കയർ സഹകരണ സംഘം നം-461 | 1 & 2 |
| 8 | 4/2 | കയർ സഹകരണ സംഘം നം-650A | ,, |
| 9 | 6/31,32 | കയർ സഹകരണ സംഘം നം-486 | ,, |
| 10 | 6/450 | കയർ സഹകരണ സംഘം നം-722 | ,, |
| 11 | 15/75 | കയർ സഹകരണ സംഘം നം.-687 | ,, |
| 12 | 13/267 | സി.വി.എസ്.ലിമിറ്റഡ്, പാനൂർ | ,, |
| 13 | | കുമരകോടി ക്ഷീരസഹകരണ സംഘം 279D | ,, |
| 14 | | പതിയാങ്കര ക്ഷീരസഹകരണ സംഘം 160D | ,, |
| 15 | 9/89/ | സെക്രട്ടറി, വനിത മത്സ്യതൊഴിലാളി സംഘം | |
| 16 | 9/243 | പ്രസിഡണ്ട് സ്വരുമ സ്പിന്നിംഗ് യൂണിറ്റ് | |

2) ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ.

| നം. | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| | 6/86/ | ഡയറക്ടർ I.W.A.I | 1&2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/06/12/22 ന് മറുപടി ഹാജരാക്കിയില്ല. തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ, ചട്ടം. 232, 232(1), 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരം വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിൽ പകുതി പോലും ലൈസൻസ് എടുത്തതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് /വിലാസം | ഉപയോഗക്രമം |
|---|---|---|---|
| 1 | 1/238 | രതീഷ്.ആർ ഇല്ലത്തു വീട്, പല്ലന | പീലിംഗ് ഷെഡ് |
| 2 | 2/12/A | ഷൈമ, മുരുകനിലയം, ലക്ഷ്മിത്തോപ്പ് | പീലിംഗ് ഷെഡ് |
| 3 | 2/143/B | ആദിത്യ,കരുവാറ്റ വടക്ക് | കോഴി വളർത്തൽ ഷെഡ് |
| 4 | 4/281/A | സുധാകരൻ. കെ.പീടികയിൽ, | ലൈവ് സ്റ്റോക്ക് ഷെഡ് |
| 5 | 6/426 മുതൽ 6/445C | റ്റി.ജി.രഘു, മാനേജിംഗ് ഡയറക്ടർ കയർവില്ലേജ് റിസോർട്ട് | റിസോർട്ടുകൾ |
| 6 | 7/19/B | പ്രീമിയർ സീഫുഡ് എക്സിം പ്രൈവറ്റ് ലിമിറ്റഡ് | ഫിഷ് ക്യൂറിംഗ് യൂണിറ്റ് |

| | | | |
|---|---|---|---|
| 7 | 17/48 | മുരളി,അഖിൽനിവാസ് | എൽ.ഐ.സി ഓഫീസ്, പല്ലന |

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/06-12-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-15 ലൈസൻസില്ലാതെ ഇറച്ചികടകൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച്

എസ്.ആർ.ഒ. നമ്പർ 289/96-1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 229, 230, 231 എന്നീ വകുപ്പുകളോട് 254-ാം വകുപ്പ് കൂട്ടിവായിച്ച പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം-3 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു പൊതു കശാപ്പുശാലയിലോ ലൈസൻസുള്ള കശാപ്പുശാലയിലോ വെച്ചല്ലാതെ യാതൊരാളും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയോ, ലൈസൻസനുസരിച്ചല്ലാതെ മറ്റു വിധത്തിലോ ഏതെങ്കിലും കന്നുകാലികളെയോ, കുതിരയെയോ, ചെമ്മരിയാടിനെയോ, കോലാടിനെയോ, പന്നിയെയോ ആഹാരസാധനമായി വിൽക്കുന്നതിനോ കശാപ്പു ചെയ്യുകയോ പാടില്ലാത്തതാകുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ പല്ലനയിലും പാനൂരിലുമായി ഇറച്ചികടകൾ പ്രവർത്തിയ്ക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ലൈസൻസ് രജിസ്റ്ററും ലൈസൻസ് അപേക്ഷകളും പരിശോധിച്ചതിൽ നിന്നും ടി ഇറച്ചി കടകൾ ലൈസൻസെടുത്തതായി കാണുന്നില്ല. ടി കടകൾ ലൈസൻസെടുത്തിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുക. ലൈസൻസെടുക്കാതെ ടി ഇറച്ചികടകൾ പ്രവർത്തിയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/7-12-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കടകൾക്കെതിരെ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീസ്- തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഇ-ടെണ്ടർ അക്കൗണ്ടിൽ (എസ്.ബി.ഐ-48395) 27.11.22 ൽ 87081/- രൂപ നീക്കിയിരുപ്പുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ നിൽക്കുന്ന തുക പഞ്ചായത്ത് അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 1-17 ബയോബിൻ നൽകൽ - ഗുണഭോക്തൃ വിഹിതം, പദ്ധതിപ്പണം ചെലവഴിക്കൽ, വിതരണം എന്നിവയിൽ ഗുരുതര അപാകം

ഉറവിടത്തിലെ ജൈവ മാലിന്യ സംസ്കരണാർത്ഥം 907 ഗുണഭോക്താക്കൾക്ക് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിൽ (ഐ.ആർ.സി.റ്റി) നിന്ന് 1467898/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും 163260/- രൂപ ഗുണഭോക്തൃ വിഹിതവും 1442 തനത് ഫണ്ടും ഉൾപ്പടെ ആകെ 1632600/- രൂപ വിനിയോഗിച്ച് ഓരോ ബയോബിൻ വീതം വാങ്ങി നൽകാനാണ് ബയോബിൻ നൽകൽ എന്ന പ്രോജക്ട് വിഭാവനം ചെയ്തത്. ഇതിന്റെ നടത്തിപ്പിൽ സംഭവിച്ച വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1) 907 ഗുണഭോക്താക്കളുടെ വിഹിതം എന്ന നിലയിൽ 163260/- രൂപ 31.3.22 ൽ പഞ്ചായത്ത് ഫണ്ടിൽ വി.ഇ.ഒ ഒടുക്കിയിട്ടുണ്ട്. എന്നാൽ 700 പേരിൽ നിന്ന് ഗുണഭോക്താക്കളുടെ വിഹിതം ശേഖരിച്ചതിന് മാത്രമാണ് രസീത് നൽകിയിട്ടുള്ളത്. 207 ഗുണഭോക്താക്കളുടെ വിഹിതം സ്വീകരിച്ചതിന് രേഖയില്ല. (രസീത് പിരിവിലെ അപാകം സംബന്ധിച്ച് പ്രത്യേക ഖണ്ഡിക ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്, ഖ.നം.1-11) ഐ.ആർ.സി.റ്റി ലഭ്യമാക്കിയിരിക്കുന്ന ബില്ലുകൾ പ്രകാരം 900 ബയോബിന്നുകളാണ് സപ്ലേ ചെയ്തിട്ടുള്ളത്. ഇത് സ്റ്റോക്കിലെടുത്തതിന്റേയോ വിതരണം ചെയ്തതിന്റേയോ രേഖകൾ ലഭ്യമല്ല. 23.3.22, 26.3.22 തീയതികളിലെ ബില്ലുകൾ പ്രകാരം 900 ബിന്നുകൾ മാത്രമാണ് ലഭ്യമെന്ന് വ്യക്തമായ ശേഷം 907 ഗുണഭോക്താക്കളുടെ വിഹിതം പഞ്ചായത്തിൽ അടയ്ക്കപ്പെട്ടതിന്റെ കാരണവും വ്യക്തമല്ല.

2) പ്രസ്തുത ബില്ലുകൾ പ്രകാരം 1620000/- രൂപയാണ് 900 ബയോബിന്നുകളുടെ വില. ഇതിൽ 162000/- രൂപ പഞ്ചായത്ത് ശേഖരിച്ച ഗുണഭോക്തൃ വിഹിതവും തനത് ഫണ്ട് ഒഴിവാക്കിയാൽ തന്നെ പരമാവധി 1458000/- രൂപ ധനകാര്യ കമ്മീഷൻ ഫണ്ടും ആണ് നൽകേണ്ടിയിരുന്നത്. എന്നാൽ 1467898/- രൂപ ധനകാര്യ കമ്മീഷൻ ഫണ്ട് മാറിനൽകി. ഈ ഇനത്തിൽ 9898/- രൂപ അധികം ചെലവഴിച്ചു. ഗുണഭോക്തൃ വിഹിതം ഇതുവരെ നൽകിയിട്ടുമില്ല. ഇനി 152102/- രൂപ കൂടി ഐ.ആർ.സി.റ്റി ക്ക് നൽകാൻ ബാക്കിയുണ്ട്.

3) പ്രോജക്ടിൽ 907 ഗുണഭോക്താക്കൾക്ക് ബയോബിൻ നൽകാൻ വ്യവസ്ഥ ചെയ്യുകയും അതുപ്രകാരം അത്രയും പേരിൽനിന്ന് ഗുണഭോക്തൃ വിഹിതം ശേഖരിച്ചതായി കാണിക്കുകയും ചെയ്തശേഷം 900 ബയോബിന്നുകൾ മാത്രം

വാങ്ങിയതിന്റെ കാരണവും വ്യക്തമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച ധനകാര്യ കമ്മീഷൻ ഫണ്ട് 9898/- രൂപ ശേഖരിക്കപ്പെട്ട ഗുണഭോക്തൃ വിഹിതത്തിൽ നിന്ന് തിരികെ ഒടുക്കേണ്ടതാണ്.
207(907-700) ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും ഐ.ആർ.സി.റ്റി യുടെ ബില്ലിൽ പറയുന്ന 900 ബയോബിന്നുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാലും ഈ പ്രോജക്ടിനായി ഇതുവരെ ചെലവഴിച്ച 14,67,898/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ സംഭവിച്ച അപാകങ്ങൾ സംബന്ധിച്ച് ഭരണസമിതി വിശദമായ പരിശോധന നടത്തി യുക്തനടപടികൾ കൈക്കൊള്ളാൻ ശുപാർശ ചെയ്യുന്നു.
പ്രോജക്ട് നം.159, ബയോബിൻ നൽകൽ
അടങ്കൽ -1632600/-രൂപ
ചെലവ് -1467898/-രൂപ (ഇതുവരെ)
950000/-രൂപ –ബിൽ റഫ. നം. 1480041 തീയതി 26.3.22
517898/-രൂപ – ബിൽ റഫ. നം. 1429274 തീയതി 23.3.22
ഐ.ആർ.സി.റ്റി യുടെ ബിൽ -1620000/-രൂപ
നം. B2B425 തീയതി 26.3.22 – 1044000/-രൂപ
നം. 245 തീയതി 16.3.22 -576000/-രൂപ
ഓഡിറ്റ് അന്വേഷണം നം. 23/8.12.2022

## 1-18 മത്സ്യബന്ധന വല -പണം ചെലവഴിച്ചു, വല ലഭ്യമാക്കി വിതരണം ചെയ്തില്ല

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന വല റയ്ഡ്കോയിൽ (RAIDCO) നിന്ന് വാങ്ങി വിതരണം ചെയ്യാനായി പ്രോജക്ട് വിഭാവനം ചെയ്യുകയും കണ്ടെത്തപ്പെട്ട മൂന്ന് ഗുണഭോക്താക്കളിൽ നിന്ന് പതിനായിരം രൂപ വീതം ആകെ മുപ്പതിനായിരം രൂപ ഗുണഭോക്തൃ വിഹിതം ശേഖരിക്കുകയും ചെയ്തു. ഒരു ഗുണഭോക്താവിന് എത്ര കിലോഗ്രാം വല നൽകണം എന്ന തീരുമാനം ഇല്ലാതെ 20000/- രൂപയ്ക്ക് എത്ര വല സിഡ്കോ നൽകുമോ അത്ര വാങ്ങി നൽകുന്നതിനും അതിൽ പകുതി തുക സബ്സിഡി അനുവദിക്കുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്യപ്പെട്ടത്. ഇതിൽ നിന്ന് മത്സ്യത്തൊഴിലാളികളുടെ കൃത്യമായ ആവശ്യം പരിഗണിക്കപ്പെട്ടില്ല എന്ന് കാണുന്നു. നാൽപ്പത് ഗുണഭോക്താക്കൾക്ക് വല നൽകാൻ തയ്യാറാക്കിയ പ്രോജക്ടിൽ മൂന്ന് ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ തയ്യാറായത് എന്നതിനാൽ തന്നെ പ്രോജക്ട് അടങ്കൽ എട്ട് ലക്ഷത്തിൽ നിന്ന് അറുപതിനായിരമാക്കി പുനർക്രമീകരിക്കുകയുണ്ടായി. ഇത്രയേറെ മത്സ്യത്തൊഴിലാളികൾ ഉള്ള പഞ്ചായത്തിൽ മതിയായ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതിരുന്നത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചമൂലമാണ്.

റയിഡ്കോയുടെ സർക്കാർ അംഗീകൃത നിരക്കിൽ ഉൾപ്പെടാത്തതും റയിഡ്കോ ഉൽപ്പാദിപ്പിക്കാത്തതുമായ മത്സ്യബന്ധന വല ഓപ്പൺ ടെൻഡറില്ലാതെയും സർക്കാർ മാർഗ്ഗനിർദ്ദേശം മറികടന്നും വിലപോലും നിശ്ചയിക്കാതെ അവരിൽ നിന്ന് വാങ്ങാൻ പ്രോജക്ട് വിഭാവനം ചെയ്തതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വ്യാസ സ്റ്റോറിൽ ഇത്തരം വല ലഭ്യമല്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഇത് സർക്കാർ അംഗീകൃത റേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനം ടെൻഡറില്ലാതെ വാങ്ങിയതിന് സാധൂകരണമാകുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ മറികടന്ന് പ്രോജക്ട് തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനുമേൽ യുക്തമായ നടപടി സ്വീകരിക്കുവാൻ ഭരണസമിതിക്ക് ശുപാർശ ചെയ്യുന്നു.

റയിഡ്കോ 23.3.2022-ൽ നൽകിയ മൂന്ന് ബില്ലുകളുടെ അടിസ്ഥാനത്തിൽ മുപ്പതിനായിരം രൂപ ഗുണഭോക്തൃ വിഹിതവും അത്രതന്നെ തുക വികസന ഫണ്ട് (ജനറൽ) ഉം ചേർത്ത് അറുപതിനായിരം രൂപ റയിഡ്കോയ്ക്ക് നൽകി. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ച് എട്ട് മാസങ്ങൾക്ക് ശേഷവും വല റയിഡ്കോയിൽ നിന്ന് ലഭ്യമാക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല. വല ലഭ്യമാക്കാതെയും അതിന്റെ ഗുണമേൻമ പരിശോധിക്കാതെയും ആണ് പണം നൽകിയത്. 11.3.2022 പഞ്ചായത്ത് സമിതി അംഗീകരിച്ച പ്രകാരം 16x32/34x200 Md Mononet, Single Knot വലയാണ് വാങ്ങേണ്ടത്. എന്നാൽ റെയ്ഡ്കോയുടെ ബില്ലിൽ വലയുടെ സ്പെസിഫിക്കേഷൻ പറയുന്നില്ല. തീരദേശ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഈ വല തന്നെ ലഭ്യമാകുമോ എന്ന് ഉറപ്പിക്കുക പോലും ചെയ്തിട്ടില്ല. വല, വിതരണത്തിന് ഇതുവരെ ലഭ്യമായിട്ടില്ലെന്നിരിക്കെ വലയുടെ ഗുണനിലവാരം പരിശോധിച്ച് ബോദ്ധ്യപ്പെട്ടു എന്ന നിർവ്വഹണോദ്യോഗസ്ഥന്റെ ആഡിറ്റ് അന്വേഷണത്തിനുള്ള മറുപടി യുക്തിക്ക് നിരക്കുന്നതല്ല. യഥാകാലം വല ലഭ്യമാക്കാത്തത് വഴി ഗുണഭോക്തൃവിഹിതമടച്ച മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയുടെ പ്രയോജനം സമയത്ത് ലഭിക്കാതെ പോകുകയും ചെയ്തു. വല ലഭ്യമാക്കാതെ പദ്ധതിപ്പണം അനുവദിച്ചതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭിച്ചിട്ടില്ല. ആകയാൽ ഈ പ്രോജക്ടിനായി ചെലവഴിച്ച 60000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് സമിതി നിർദ്ദേശിച്ച സ്പെസിഫിക്കേഷനിൽ ഉള്ളതും റെയ്ഡ്കോയുടെ

ബില്ലിൽ രേഖപ്പെടുത്തിയത് പ്രകാരം 20.71 കി.ഗ്രാം തൂക്കം വരുന്നതുമായ വല ലഭ്യമാക്കി അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – നം.1, തീയതി 01.12.22

പദ്ധതി നം -59/22, മത്സ്യബന്ധന വല

അടങ്കൽ, ചെലവ് – 60000

ചെലവ് വിവരം

സിഡ്കോ ബിൽ നം. – HPD/1115/21-22, 1116/21-22, 1117/21-22, 20005/- രൂപ വീതം

വികസന ഫണ്ട് – 30000/-രൂപ, ബിൽ റഫ. നം. 1420572 തീയതി 23.3.22

ഗുണഭോക്തൃ വിഹിതം 30000 രൂപ, വൗച്ചർ നം. 22101154 തീയതി 30.3.22

## 1-19 ടേക്ക് എ ബ്രേക്ക് - പ്രവൃത്തി പൂർത്തീകരിക്കാതെ മുഴുവൻ തുകയും അനുവദിച്ചു

കരാർ നം.18/AE/LSGD/10.02.21

എസ്റ്റിമേറ്റ് -999215.57

കരാറുകാരൻ - ഗോപാലകൃഷ്ണൻ

എം. ബുക്ക് നം. 21/20-21

ചെലവിന്റെ വിശദാംശം:

522190/-ബിൽ നം.4/16.11.21

418884/-ബിൽ നം.6/07.01.22

ടേക്ക് എ ബ്രേക്കിന്റെ ഭാഗമായി തൃക്കുന്നപ്പുഴ ജംഗ്ഷനിലെ പ്രധാന റോഡിൽ നിന്നുമുള്ള കവാടം ഇന്റർലോക്കിട്ട് സൗന്ദര്യവൽക്കരിക്കലും വിശ്രമ കേന്ദ്രം ഒരുക്കലും എന്ന പദ്ധതിക്കായി 941074/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചു. അപാകതകൾ താഴെ കൊടുക്കുന്നു.

1)സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല .

കായൽ ഡ്രഡ്ജ് ചെയ്ത മണ്ണ് ഉപയോഗിച്ച് നികത്തിയ ഈ സ്ഥലം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഏകദേശം 10 സെന്റിൽ കൂടുതൽ വരുന്ന പഞ്ചായത്തിന്റെ ഈ പുറമ്പോക്ക് സ്ഥലം അളന്ന് നിശ്ചയിച്ച് പഞ്ചായത്തിന്റെ പേരിലാക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

2)പ്രവൃത്തി നിലവിലും പൂർത്തീകരിച്ചിട്ടില്ല

കെട്ടിടം പ്രവർത്തനക്ഷമമാക്കുവാനാവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തിയാവണം പ്രവൃത്തികൾ നടപ്പിലാക്കേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല എന്ന് കാണുന്നു. ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ ഉൾപ്പെടെ 999215.57 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിൽ അതൊഴിവാക്കി. 6 മാസമായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവെങ്കിലും ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ പ്രവൃത്തികൾ എന്നിവ നിലവിലും നടപ്പിലാക്കിയിട്ടില്ല.

3)എം. ബുക്കിൽ അളവ് രേഖപ്പെടുത്തിയ പല ഇനങ്ങളും നിലവിൽ സ്ഥാപിച്ചിട്ടില്ല

എം. ബുക്കിൽ അളവ് രേഖപ്പെടുത്തിയ പല ഇനങ്ങളും നിലവിൽ സ്ഥാപിച്ചിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

I) Item 9, Providing And Fixing Panelled And Glazed Shutters For Doors, Windows Etc 1.76m2@3329 = 5859.04

എന്നാൽ സ്ഥലപരിശോധനയിൽ ഷട്ടർ സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടു.

Ii) Item 7 പ്രകാരം Supplying And Fixing Name Board @ 3000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു ബോർഡ് സ്ഥാപിച്ചിട്ടില്ല.

Iii) എസ്റ്റിമേറ്റ് റിവൈസ് ചെയ്ത്, വാട്ടർ ടാങ്ക് 500 ലിറ്റർ എന്നത് 1500 ലിറ്റർ ആയി മാറ്റിയിരിക്കുന്നു. വാട്ടർ ടാങ്ക് 1000 ലിറ്റർ ആണ് സ്ഥാപിച്ചിരിക്കുന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

4) പഞ്ചായത്ത് ഭൂമിയിൽ അനധികൃത കൈയേറ്റം

പഞ്ചായത്തിന്റെ ആസ്തിയിൽ അനധികൃതമായി കടകൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആസ്തിയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ നീക്കം ചെയ്യുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.

5)പല ആസ്തികളും നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു .

ടേക്ക് എ ബ്രേക്കിനായി നിർമ്മിച്ച കെട്ടിടത്തിന് സമീപമായി ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം എന്ന പേരിൽ 2017-18 വർഷം നിർമ്മിച്ച കെട്ടിടം നിലവിലുണ്ടെങ്കിലും ആയത് ഇതേ വരെയും ഉപയോഗപ്പെടുത്തിയിട്ടില്ല.

ഇത് കൂടാതെ എയ്റോബിക് കമ്പോസ്റ്റ് ബിന്നുകൾ, ടോയ്ലെറ്റ് ബ്ലോക്കുകൾ എന്നിവയും നിഷ്ക്രിയമായി നിലനിൽക്കുന്നു.

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ടേക്ക് എ ബ്രേക്ക് എന്ന ബോർഡും 500 ലിറ്ററിന്റെ ഓവർഹെഡ് ടാങ്കും സ്ഥാപിച്ചതായി മറുപടി നൽകി. ഇനം.9 ആയി ചെയ്ത ഗ്ലാസ് പാനൽ പൊട്ടിപ്പോയതിനാൽ പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചതായും മറുപടി നൽകിയിട്ടുണ്ട്. നിലവിൽ ഗ്ലാസ് പാനൽ സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 5859/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ എന്നിവ ഇതേ വരെയും ടി കെട്ടിടത്തിൽ ഉൾപ്പെടുത്തി കെട്ടിടം ഉപയോഗപ്രദമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ നിരാകരിച്ച തുക കഴിച്ചുള്ള 935215/- രൂപ തടസ്സപ്പെടുത്തുന്നു. സ്ഥാപിച്ചിട്ടുള്ള വാഷ് ബേസിൻ, വാട്ടർ ടാങ്കിന്റെ പരിസരം എന്നിവ വൃത്തിഹീനമായ അവസ്ഥയിലാണ്. വ്യക്തമായ ആസൂത്രണം നടത്തി പദ്ധതിപ്പണം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്ന് വിവിധ പ്രോജക്കുകൾ വഴിയുള്ള മരുന്ന് വാങ്ങൽ - ലഭിക്കാനുള്ളത് 2.71 ലക്ഷം രൂപയുടെ മരുന്ന്

മരുന്ന് ലഭ്യമാക്കാനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) 2021-22 ൽ വിവിധ പ്രോജക്കുകൾ വഴി 24.3 ലക്ഷം രൂപ നൽകിയതിൽ 21,58,804/- രൂപയുടെ മരുന്ന് മാത്രമാണ് സാമ്പത്തിക വർഷം അവസാനിച്ച് എട്ട് മാസത്തിന് ശേഷവും ലഭ്യമായിട്ടുള്ളത്. 2,71,196/- രൂപയുടെ മരുന്ന് ഇനിയും കിട്ടുവാനുണ്ട്. ഇതിൽ 5 ലക്ഷം രൂപയുടെ മരുന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി 'ഫിഷറീസ് ആശുപത്രിക്ക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – കോവിഡ് പ്രതിരോധ പ്രവർത്തനം' എന്ന പ്രോജക്ട് വഴി 25.6.2021 ൽ കോവിഡ്-19 രോഗബാധ അതിന്റെ മൂർദ്ധന്യതയിൽ നിൽക്കുമ്പോൾ നൽകിയതാണ്. ഇതിൽ 114748/- രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല. രോഗബാധ താരതമ്യേന ഇല്ലാതായ ഈ സമയത്ത് ഈ മരുന്നുകളുടെ ആവശ്യകത പുന:പരിശോധിക്കപ്പെട്ടിട്ടില്ല. മരുന്നുകൾ ഇനിയും ലഭ്യമാകാത്തപക്ഷം അവയുടെ ആവശ്യകത പുന:പരിശോധിച്ച് അനാവശ്യമെങ്കിൽ പണം തിരികെ ഈടാക്കേണ്ടതാണ്.

കൂടാതെ പാലിയേറ്റീവ് കെയറിനായി ഉപകരണങ്ങൾ വാങ്ങാൻ KMSCLന് അതിന്റെ പ്രൊഫോർമ ഇൻവോയിസ് നം. 3320 ൽ രേഖപ്പെടുത്തിയത് പ്രകാരം 71,908/- രൂപ നൽകിയതിൽ 68126/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായത്. പ്രൊഫോർമ ഇൻവോയിസിൽ രേഖപ്പെടുത്തിയതിനേക്കാൾ വില വർദ്ധിച്ചത് മൂലം അഞ്ച് വീൽചെയറുകളുടെ സ്ഥാനത്ത് നാലെണ്ണം മാത്രമേ നൽകപ്പെട്ടുള്ളൂ. 3782/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാകുവാൻ ബാക്കിയാണ്. പാലിയേറ്റീവ് കെയർ പദ്ധതിക്ക് ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച മൂന്ന് ലക്ഷം രൂപയിൽ 1.8 ലക്ഷം മാത്രമേ ചെലവഴിക്കപ്പെട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയുടെ വിലയായ 274978/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയോ അധികം നൽകിയ അധിക തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ചെലവ് വിവരം

1)പ്രോജക്ട് നം. – 99/22, ഫിഷറീസ് ആശുപത്രിക്ക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – കോവിഡ് പ്രതിരോധ പ്രവർത്തനം

അടങ്കൽ, ചെലവ് – 5 ലക്ഷം രൂപ

മരുന്ന് വാങ്ങാനായി KMSCLന് അനുവദിച്ച തുക – 5 ലക്ഷം രൂപ

ട്രഷറി ബിൽ നം. – 4/21-22 തീയതി 25.06.21 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

കിട്ടിയ മരുന്ന് – 385252/- രൂപ കിട്ടാൻ ബാക്കി – 114748/- രൂപ

2) പ്രോജക്ട് നം. -26/22 ഫിഷറീസ് ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ, ചെലവ് – 16 ലക്ഷം രൂപ

മരുന്ന് വാങ്ങാനായി KMSCLന് അനുവദിച്ച തുക – 7.5 ലക്ഷം രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ട്രഷറി ബിൽ നം. – 18/21-22 തീയതി 6.11.21

കിട്ടിയ മരുന്ന് – 678566/- രൂപ കിട്ടാൻ ബാക്കി – 71434/- രൂപ

(8.5 ലക്ഷം രൂപയുടെ മരുന്ന് നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് നേരിട്ട് വാങ്ങി)

3)പ്രോജക്ട് നം. -85/22 പാലിയേറ്റീവ് കെയർ പദ്ധതി

അടങ്കൽ – 12 ലക്ഷം രൂപ

ആകെ ചെലവ് – 8.8 ലക്ഷം രൂപ,

എ) മരുന്ന് വാങ്ങാനായി KMSCLന് അനുവദിച്ച തുക – 3.3 ലക്ഷം രൂപ

ട്രഷറി ബിൽ നം. – 15/21-22/18.9.21 തുക 180000/-രൂപ (സംയുക്ത പ്രോജക്ടിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

കിട്ടിയ മരുന്ന് – 150735/- രൂപ കിട്ടാൻ ബാക്കി – 29265/- രൂപ

ട്രഷറി ബിൽ നം. 17/21-22 –/18.9.21 തുക 150000/- രൂപ, വികസന ഫണ്ട് (ജനറൽ)

കിട്ടിയ മരുന്ന് – 94251/- രൂപ കിട്ടാൻ ബാക്കി – 55749/- രൂപ

ആകെ ലഭിക്കാൻ ബാക്കി നിൽക്കുന്ന മരുന്നിന്റെ വില – 85014/-രൂപ (55749+29265)

ബി) ഉപകരണങ്ങൾ വാങ്ങാനായി KMSCLന് അനുവദിച്ച തുക – 71908/-രൂപ

ട്രഷറി ബിൽ നം. –26/21-22/16.12.21, വികസന ഫണ്ട് (ജനറൽ)

ഒരു വീൽചെയറിന്റെ വില പ്രോഫോർമ ഇൻവോയിസ് 3320 പ്രകാരം – 4330/-രൂപ

20.9.22 ലെ ബിൽ നം. 11640 പ്രകാരം വില – 5399.25/-രൂപ

ഓഡിറ്റ് അന്വേഷണം നം. 15 തീയതി 05.12.22

## 1-21 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 3,00,000/- രൂപ കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് (ഹോംകോ) എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 001/22 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 2,50,000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | എൽ എഫ് 647/01-09-22 തുക -167756/- |
| ചെലവ് | 2,50,000/-<br>ബിൽ നമ്പർ 02/21-22/20-10-21 |

ടി തുക പൂർണ്ണമായും കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. - 34306403911) 20/10-2021 ന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 167756/-രൂപയുടെ (ഇൻവോയിസ് നം. എൽ.എഫ്. 647/01-09-22) മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു ബാക്കി തുകയുടെ (82244/-) മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/11-12-22-ന് നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാൻ ഹോംകോയ്ക്ക് കത്തയച്ചിട്ടുണ്ടെന്നും മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കാൻ ശ്രമിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നവരേയ്ക്കും ടി പദ്ധതിയ്ക്ക് വേണ്ടി കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയ 82244/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 മഴക്കാല പൂർവ്വ ശുചീകരണം - വാർഡ് തല സമിതികൾക്ക് കൈമാറിയ തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച ഗ്രാന്റ് 170000/- രൂപ 17 വാർഡ് തല ശുചീകരണ സമിതികൾക്കായി (പതിനായിരം രൂപ വീതം) കൈമാറിയിട്ടുണ്ട്. എന്നാൽ 6, 9 വാർഡുകൾ ഈ തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഡ് തല ശുചീകരണ സമിതികൾ ഈ തുക ചെലവഴിച്ചതിന്റെ രേഖകൾ, ബാങ്ക് അക്കൗണ്ട്സിന്റെ വിവരങ്ങൾ, ക്യാഷ് ബുക്ക് അടക്കമുള്ള മറ്റ് രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കാത്തത് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമായില്ല. ആയതിനാൽ ഈ വാർഡുകൾക്ക് നൽകിയ 20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എല്ലാ വാർഡിലും മുൻവർഷം നൽകിയതുൾപ്പടെയുള്ള മുൻകൂറുകൾ ചെലവഴിക്കാതെ ശേഷിക്കുന്നതായി ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി മിനിറ്റ്സിൽ നിന്ന് വ്യക്തമാകുന്നു. എല്ലാ വാർഡിലും ഇതും പകർച്ചവ്യാധി നിയന്ത്രണത്തിനായി എൻ.എച്ച്.എം നൽകിയ ഫണ്ടും പൂർണ്ണമായി വിനിയോഗിക്കാതെ ബാക്കി നിൽക്കുന്നെന്ന് പാസ്ബുക്കുകളിൽ നിന്നും വ്യക്തമാണ്. 10.2.21 ലെ മിനിറ്റ്സിൽ (തീരുമാനം രണ്ട്) ആ വർഷം നൽകിയ 164100/-

രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ നിൽക്കുന്നതായി. 30.11.21 ലെ യോഗത്തിലും മഴക്കാല പൂർവ്വശുചീകരണത്തിന് നൽകിയ തുക ചെലവഴിക്കാത്തത് ചർച്ചയാകുകയും കമ്മറ്റിയുടെ ആദ്യ തീരുമാനമായി ഇക്കാര്യത്തിൽ പഞ്ചായത്ത് സമിതിയുടെ നടപടികൾ ശുപാർശ ചെയ്തിട്ടുമുണ്ട്. മൺസൂൺ കാലാരംഭത്തിന് മുൻപ് വാർഡുകളിലെ അവശ്യ ശുചീകരണ പ്രവർത്തനങ്ങൾക്ക് നൽകുന്ന പണം യഥാകാലം ചെലവഴിക്കാതിരിക്കുന്നത് പഞ്ചായത്തിന്റെ ഉത്തമതാൽപ്പര്യത്തിന് ചേർന്നതല്ല.

പകർച്ച വ്യാധി തടയലിനുള്ള എൻ.എച്ച്.എം ഫണ്ടും മഴക്കാല പൂർവ്വ ശുചീകരണത്തിനായി ലഭിക്കുന്ന തുകയും ഒരേ ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. എന്നാൽ പ്രത്യേക ക്യാഷ് ബുക്ക് (യഥാർത്ഥത്തിൽ വരവ് ചെലവ് രജിസ്റ്റർ) സൂക്ഷിക്കുന്നുണ്ട്. പക്ഷേ ഈ ഫണ്ടുകളുടെ വരവ് ചെലവുകൾ പലപ്പോഴും മാറിപ്പോകുന്നു. ഉദാഹരണമായി 2021 മാർച്ചിൽ ലഭിച്ച എൻ.എച്ച്.എം ഫണ്ട് 10000/- രൂപ പഞ്ചായത്തിൽ നിന്ന് ലഭിച്ചതായും 2021 ജൂണിൽ പഞ്ചായത്തിൽ നിന്ന് നൽകിയ 10000/- രൂപ എൻ.എച്ച്.എം ഫണ്ട് ആയും തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ടു.

മഴക്കാല പൂർവ്വ ശുചീകരണത്തിനായുള്ള ചെലവുകൾ സെൽഫ് ചെക്ക് വഴി പണം പിൻവലിച്ച് കൈയ്യിൽ വച്ച് ചെലവഴിക്കുകയാണ് ചെയ്യുന്നത്. ആയിരം രൂപയിലധികമുള്ള ചെലവുകൾ പോലും ചെക്ക് അഥവ ബാങ്ക് ട്രാൻസ്ഫർ വഴി നടത്തപ്പെടുന്നില്ല. ഉദാഹരണമായി വാർഡ് 12 ൽ 28.10.21 ൽ വൗച്ചർ നം. 2 ആയി ഓട വൃത്തിയാക്കിയതിന്റെ കൂലിയായി നിസാം, വിജയപ്പൻ എന്നീ തൊഴിലാളികൾക്ക് 3000/- രൂപ വീതം ആകെ 6000/- രൂപ നൽകിയതായി കാണുന്നു. ഈ തുക ചെക്ക് നം. 5152 വഴി പിൻവലിച്ചതിൽ നിന്ന് പണമായി നൽകിയതായാണ് കാണുന്നത്. ചെലവുകൾ പരമാവധി ബാങ്ക് അക്കൗണ്ട് മുഖേന നേരിട്ട് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ചെലവ് വിവരം

വൗച്ചർ നം. 22100136 തീയതി 08.06.2021

## 1-23 ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ -ടെൻഡർ നടപടികളിൽ അപാകം, ചെലവ് രേഖകൾ പൂർണ്ണമായി ലഭ്യമായില്ല

പ്രോജക്ട് നം. 160/22 പ്രകാരം 415141/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുടക്കി ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. 5.2.22 ലെ റിടെൻഡർ നോട്ടീസ് പ്രകാരം വന്ന ക്വട്ടേഷനുകൾ പരിഗണിച്ച് കുറഞ്ഞ നിരക്ക് സൂചിപ്പിച്ച ഭാരത് മോട്ടോഴ്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങാൻ തീരുമാനിച്ചതായാണ് 11.3.22 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തത് എന്നാൽ ഭാരത് മോട്ടോഴ്സ്, പത്തനംതിട്ട എന്ന സ്ഥാപനമൊഴികെ മറ്റ് സ്ഥാപനങ്ങൾ സമർപ്പിച്ച ടെൻഡറുകളോ അവ ആരെന്ന വിവരമോ, ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ശേഷവും, ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 392345/- രൂപയുടെ ബിൽ മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയത്. 22769/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല. ആകയാൽ 22769/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടെൻഡർ നടപടികളിലെ സുതാര്യത സംബന്ധിച്ച് ഭരണസമിതിയുടെ പരിശോധനയ്ക്ക് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് അന്വേഷണം – 23/8.12.22

അടങ്കൽ – 4,50,000

ചെലവ് – 4,15,141

വൗച്ചർ നം. 22101173/31.3.22 - 392345/-രൂപ

വൗച്ചർ നം. 22101174/31.3.22 – 22769/- രൂപ

## 1-24 1.5 കോടിയിലേറെ രൂപയുടെ മുൻകൂർ - നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം (2021-22 വാർഷിക കണക്കിലെ ബി18 ഷെഡ്യൂൾ) വിവിധ എജൻസികളിലായി ചുവടെ ചേർക്കും പ്രകാരം വിവിധ പ്രവർത്തികൾക്കായി നല്കിയ തുക 1,51,74,394/-രൂപ നിക്ഷേപമായി അവശേഷിച്ചിട്ടുള്ളതായി കാണുന്നു. ഇത് എതെല്ലാം വർഷങ്ങളിലായി, ഏതെല്ലാം പ്രോജക്ടുകൾക്കായി നല്കിയിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല (ടി വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

| ഇനം | തുക |
|---|---|
| Deposit With Kerala Water Authority | 3497000 |
| Deposit With Kerala Electricity Board | 8687394 |
| Deposit With Ground Water Department | 2990000 |

വർഷങ്ങളായി നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകകൾ നിർവ്വഹണ എജൻസികളുടെ കൈവശം അവശേഷിക്കുന്നതിൽ ഭരണ സമിതിയുടെ സത്വര ഇടപെടൽ ആവശ്യമാണ്.

## 1-25 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - നടപ്പാക്കിയത് ഭാഗികമായി മാത്രം

സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പ്രോജക്ടിൽ (പ്രോജക്ട് നം.എസ്0106/22) ചുവടെ ചേർക്കും പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് ആകെ 29,76,917/- രൂപ കെ.എസ്.ഇ.ബി-യിലേക്ക് നല്കിക്കാണുന്നു. എന്നാൽ ടി പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളത് ഭാഗികമായി മാത്രമാണെന്നാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ വിശദീകരണത്തിൽ നിന്ന് വ്യക്തമാകുന്നത്.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | കെ.എസ്.ഇ.ബി-യിൽ നിന്ന് ആവശ്യപ്പെട്ടത് പ്രകാരം നല്കിയ തുക | പി.എഫ്.എം.എസ് വൌച്ചർ/ആകെ തുക |
|---|---|---|---|
| 1 | പാനൂർ ആര്യൻകേരിൽ കിഴക്ക് | 8850/- | 630050/- XVFC/21-22/P4 |
| 2 | വിവിധ വർക്കുകൾക്കായി കരുവാറ്റ കെ.എസ്.ഇ.ബി ഡിവിഷന് | 494225/-(171558+102688+219979) | 494225/- XVFC/21-22/P18 |
| 3 | സർവ്വീസ് കണക്ഷന് കരുവാറ്റ ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി | 46350/- | 46350/- XVFC/21-22/P9 |
| | ആകെ തുക | 549425/- | |

549425/- രൂപ നിലവിലും (ഓഡിറ്റ് സമയത്ത് കെ.എസ്.ഇ.ബി-യിൽ നിന്ന് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിഗണിച്ച ശേഷവും) കെ.എസ്.ഇ.ബി-യിൽ നിക്ഷേപമായി തുടരുകയാണ്. പ്രവർത്തികൾ പൂർത്തീകരിക്കുന്നതിലേക്ക് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പ്രവർത്തികൾ പൂർത്തീകരിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 549425/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഹൈസ്പീഡ് സ്കാനർ -തുക നല്കി, ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹിച്ച ഹൈസ്പീഡ് സ്കാനർ പ്രോജക്ടിൽ (പ്രോജക്ട് നം.189/22) സ്കാനർ വാങ്ങുന്നതിലേക്ക് തനത് ഫണ്ട് 96949/-രൂപ ചെലവഴിച്ചു. സി.പി.ആർ.സി.എസ് -മുഖേന, കെൽട്രോണിൽ നിന്ന് വാങ്ങൽ നടത്തുന്നതിനായി തുക നല്കിയെങ്കിലും (ചെക്ക് നം.2856972/17.3.2022) ഓഡിറ്റ് സമയം വരെ ഹൈസ്പീഡ് സ്കാനർ ലഭ്യമായിട്ടില്ല. സ്കാനർ ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 കുടിവെള്ള പദ്ധതികൾ നടപ്പിലായിട്ടില്ല

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നാളിതുവരെ നടപ്പായിട്ടില്ലെന്ന് കാണുന്നു.

എ)കുഴൽക്കിണർ നിർമ്മാണം

കുഴൽക്കിണർ നിർമ്മാണം(പ്രോജക്ട് നം.172/22) പ്രോജക്ടിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് തുകയിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം ആകെ 1364400/- രൂപ ഭൂജല വകുപ്പിലേക്ക് നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. തുകയുടെ കൈപ്പറ്റ്, വിനിയോഗസാക്ഷ്യപത്രങ്ങൾ എന്നിവയും ലഭ്യമായിട്ടില്ല.

| ക്രമ നം. | പി.എഫ്.എം.എസ് വൌച്ചർ | തുക | നല്കിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|
| 1 | XVFC/21-22/P7 | 1185000/- | വാർഡ് 4-ൽ കുഴൽക്കിണർ |
| 2 | XVFC/21-22/P18 | 179400/- | വാർഡ് 16 ഹൈസ്കൂളിൽ കുഴൽക്കിണർ |

ബി)പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട്

പ്രോജക്ട് നം.108/22, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം 30 ലക്ഷം രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, ആലപ്പുഴയുടെ പേർക്ക് മുൻകൂർ ഡെപ്പോസിറ്റ് നല്കി.

| ക്രമ നം. | പി.എഫ്.എം.എസ് വൌച്ചർ | തുക |
|---|---|---|
| 1 | XVFC/21-22/P3 | 905000/- |
| 2 | XVFC/21-22/P6 | 372000/- |
| 3 | XVFC/21-22/P11 | 660000/- |
| 4 | XVFC/21-22/P14 | 105000/- |
| 5 | XVFC/21-22/P13 | 111000/- |
| 6 | XVFC/21-22/P25 | 650000/- |
| 7 | XVFC/21-22/P26 | 197000/- |

പ്രോജക്ടിൽ നല്കിയിട്ടുള്ള മുൻകൂർ തുകയിൽ ആകെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടുള്ളത് 1243000/- രൂപയ്ക്ക് മാത്രമാണ്. ഇതിൽ 1113383/- രൂപ ചെലവും, 129617/- രൂപ തിരികെ ലഭിക്കാനുള്ളതും ഉൾപ്പെടുന്നു. ശേഷിക്കുന്ന 1757000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ, തിരികെ ലഭിക്കുവാനുള്ള 129617/- രൂപ തിരികെ ലഭിച്ചത് സംബന്ധിച്ച വിശദാംശങ്ങളും ഹാജരാക്കേണ്ടതുണ്ട്. പ്രോജക്ടുകളുടെ പൂർത്തീകരണ, വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടുകളിലുമായി ആകെ 3121400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 എം.സി.എഫ് നിർമ്മാണം - പ്രവൃത്തി നടപ്പിലായില്ല

കരാർ നം. - 12/AE/LSGD/TKPZA/21-22/04.03.22

നിർവ്വഹണം – അസി.എഞ്ചിനീയർ

പ്രോ നം. S0177/22

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും സംഭരിക്കുന്ന പ്ലാസ്റ്റിക്കും ഇതര ഖരമാലിന്യങ്ങളും വേർതിരിക്കുന്നതിനുള്ള ഷെഡ് സ്ഥാപിക്കലിനായി 787188/- രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 142000/- രൂപ പിൻവലിച്ച് ഐ.ആർ.റ്റി.സി ക്ക് 17.03.22 ൽ നൽകിയിട്ടുണ്ട്.

6 മാസമായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. 04.03.22 ൽ കരാർ ചമച്ച പദ്ധതിക്കായി മുൻകൂർ തുക നൽകിയതല്ലാതെ പിന്നീട് യാതൊരു പ്രവർത്തനവും നടന്നിട്ടില്ല എന്നു കാണുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷെഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിച്ചിട്ടുള്ളതായും കെ.എസ്.ഇ.ബി സ്റ്റേ വയർ ഈ സ്ഥലത്താണ് കുഴിച്ചിട്ടിരിക്കുന്നതെന്നും മേൽ തടസ്സങ്ങൾ മാറ്റിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂവെന്നും 20.05.22 ൽ ഐ.ആർ.റ്റി.സി അറിയിച്ചിട്ടുണ്ട്. ഇതേ തുടർന്ന് സ്വീകരിച്ച നടപടിക്രമങ്ങൾ, പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്നിവ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10/21-22), ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയതായാണ് മറുപടി. എന്നാൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇപ്രകാരമുള്ള ആസ്തി ഉൾപ്പെട്ടിട്ടില്ല. ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ നിലവിൽ ഹോമിയോ ആശുപത്രിക്ക് മുകളിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്നത് പൊതുജനാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതിന് ഇടയാക്കുന്നതാണ്. സ്ഥലം ആസ്തിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഐ.ആർ.റ്റി.സി ക്ക് സ്ഥലം കൈമാറി നൽകി അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(142000, വൈ നം.XVFC/21-22/P/16, Sl.no.14)

## 1-29 ഐ.കെ.എം.വിഹിതം-കൈപ്പറ്റ് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കണം

സെക്രട്ടറി നടപ്പാക്കിയ ഐ.കെ.എം വിഹിതം പ്രോജക്ടിൽ(നം.23/22), വികസന (ജനറൽ) ഫണ്ടിൽ നിന്നും 117963/-രൂപ ഐ.കെ.എം-ലേക്ക് നല്കിയിട്ടുണ്ട്(ബിൽ റഫ.നം.21070652013700465488/20.9.21) തുകയുടെ കൈപ്പറ്റ്, വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 117963/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 പഞ്ചായത്ത് ഓഫീസ് ക്യാബിൻ തിരിക്കലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും-മൂല്യ നിർണ്ണയം നടത്താതെ തുക അനുവദിക്കുന്നു.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 357448

തനത് ഫണ്ട് - 145000, ചെക്ക് നം. 049086/31.03.22

പഞ്ചായത്ത് ഓഫീസ് ക്യാബിൻ നിർമ്മാണത്തിനായി(പ്രോ.നം.92/21-22) സിഡ്കോയുടെ 3 ഇൻവോയ്സുകളാണ് ഫയലിലുള്ളത്. ആകെ 606332 രൂപയുടെ ഇൻവോയിസുകളാണ്(ഇൻവോയിസ് തീയതി 08.09.21 - 288292, 24.03.22 - 245322, 26.03.22 - 72718) ഫയലിൽ ഉള്ളതെങ്കിലും ചെലവഴിച്ചത് 502448 രൂപ മാത്രവും. സിഡ്കോയുടെ പ്രൈസ് ലിസ്റ്റിലുള്ള ഏതാനും ഉപകരണങ്ങൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. ബാക്കിയെല്ലാം തന്നെ വിശദമായ അളവ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അളവ് രേഖപ്പെടുത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്. അപാകതകൾ താഴെ കൊടുക്കുന്നു.

1.വിശദമായ അളവ് രേഖപ്പെടുത്താതെ തുക എപ്രകാരമാണ് അനുവദിച്ചതെന്ന് വ്യക്തമല്ല.

2.ഉപകരണങ്ങളൊന്നും തന്നെ സ്റ്റോക്കിലെടുത്തിട്ടില്ല.

3.ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.സ്ഥാപിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ കർട്ടൻ ഇളകി കിടക്കുന്നു.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ചതിന് ശേഷം ബാലൻസ് തുക നൽകേണ്ടതാണ്.

## 1-31 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ല - PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. കരാർ ചമച്ച് ഒരു വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല.

പിഴ ഈടാക്കാതെ കാലയളവ് ദീർഘിപ്പിക്കുവാനുള്ള എ.ഇ യുടെ കത്ത് ഫയലിലുണ്ടെങ്കിലും കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകിയതായി കാണുന്നില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. പി.എ.സി യുടെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കേണ്ടത് എന്നിരിക്കെ ആകെ മൂല്യത്തിന്റെ 1%, മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത്. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ പിഴ കൂടാതെ 6 മാസം കാലയളവ് ദീർഘിപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ടി കാലയളവ് അനുവദിച്ചാൽ പോലും പൂർത്തീകരിക്കേണ്ടിയിരുന്ന തീയതിയും കഴിഞ്ഞാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

| പ്രോജക്റ്റ് | കരാർ നം. | പി.എ.സി | പൂർത്തീകരിച്ച തീയതി | ഈടാക്കിയ പിഴ |
|---|---|---|---|---|
| പത്താഴപ്പറമ്പ് കോഴിക്കാട് റോഡ് ടാറിംഗ്, വാർഡ് 6 | Ag No.25/AE/ 20-21/22.02.21 | 406307 | 25/3/22 | 366042x 1%=3660 |
| വാർഡ് 5 ൽ അരേശേരിൽ റോഡ് ടാറിംഗ് | 14/AE/20-21 /06.01.21 | 417803.60 | 26/3/22 | 334204x1%=3342 |
| ഇലപ്പത്തറ ബംഗ്ലാവിൽ റോഡ് ടാറിംഗ്, വാർഡ്-8, | 26/AE/22.2.21 | 273801.84 | 24/3/22 | 236029x1%=2360 |

PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/21-22), കാലതാമസം ഒഴിവാക്കി നൽകുവാൻ കരാറുകാരൻ നൽകിയ കത്തും സപ്ലിമെന്ററി കരാറും ഫയലിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും ആയത് ഓഡിറ്റിൽ ബോധ്യപ്പെടുത്തിയില്ല. പിഴ ഈടാക്കിയതിൽ (പി.എ.സി യുടെ അടിസ്ഥാനത്തിൽ) കുറവ് വന്ന തുക 1618 രൂപ രസീത്. നം. 1220101630/13.12.22 പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കിയിട്ടുണ്ട്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പ്രവൃത്തികളിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ശുചിത്വ മിഷൻ-5.7ലക്ഷം രൂപയോളം നീക്കിയിരിപ്പ്-വർഷങ്ങളായി പ്രോജക്ട് നടപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം (ബി4ഷെഡ്യൂൾ) ശുചിത്വ മിഷൻ 567061/-രൂപ തൻവർഷവും ബാധ്യതയായി തുടരുന്നു, മുൻവർഷവും ഇതേ തുക തന്നെ ബാധ്യതയായിരുന്നുവെന്ന് കാണാം. വർഷങ്ങളായി ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ തുക ചെലവഴിക്കാതെ വരുന്നു. ടി ഇനത്തിലുള്ള തുക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യത്തോടെയുള്ള ഫണ്ടുകൾ അതത് ആവശ്യത്തിലേക്ക് കൃത്യമായി ചെലവഴിക്കപ്പെടുന്നു എന്നത് ഉറപ്പുവരുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കണക്കാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## 1-33 ഗുണഭോക്തൃവിഹിതം ചെലവഴിക്കപ്പെടാതെയും തിരികെ നല്കാതെയും അക്കൌണ്ടിൽ തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക കണക്ക്, ബി4 ഷെഡ്യൂൾ പ്രകാരം ബാധ്യതയിനത്തിൽ നീക്കിയിരിപ്പുള്ള ഗുണഭോക്തൃവിഹിതം 386795/-രൂപയാണ്. ടി തുക എതെല്ലാം വർഷങ്ങളിലെ നീക്കിയിരിപ്പാണ് എന്നതും എതെല്ലാം ഇനങ്ങൾക്കായി ലഭിച്ചതാണ് എന്നതും സംബന്ധിച്ച് നല്കിയ അന്വേഷണത്തിനുള്ള മറുപടിയിൽ നിന്നും, ഹാജരാക്കിയ ലെഡ്ജറിൽ നിന്നും, ടി ഇനത്തിൽ വർഷങ്ങളായുള്ള തുകകൾ നീക്കിയിരിപ്പ് വന്നിട്ടുണ്ട് എന്ന് കാണുന്നു-

2019-20 ലെ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന പദ്ധതിയിലെ ഗുണഭോക്തൃവിഹിതം ഇനത്തിൽ 170344/-രൂപയും, 2020-21 ലെ കൃഷി ഓഫീസർ, വി.ഇ.ഒ എന്നിവരുടെ പദ്ധതികളിലെ ഗുണഭോക്തൃവിഹിതം 51616/-രൂപയും ഇപ്രകാരം ശേഷിക്കുന്നു എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

2021-22 ലെ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ബയോബിൻ പ്രോജക്ടിൽ നീക്കിയിരിപ്പുള്ള 163260/-രൂപയും ഇപ്രകാരം നീക്കിയിരിപ്പുണ്ട് എന്നും കാണുന്നു. എതെല്ലാം പ്രോജക്ടുകളിലായി, എത്ര വീതമാണ് ഇപ്രകാരം നീക്കിയിരിപ്പ് എന്നത് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. പൊതു ജനങ്ങളിൽ നിന്ന് ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചിട്ടുള്ള തുക വർഷങ്ങളായി ചെലവഴിക്കാതെ/തിരികെ നല്കാതെ തനത് അക്കൌണ്ടിൽ ശേഷിക്കുന്നത് ഉചിതമല്ല. ഇത് പദ്ധതി ലക്ഷ്യങ്ങളെ തന്നെ ഇല്ലായ്മ ചെയ്യുന്നതാണ്. വിഷയത്തിൽ അടിയന്തിര നടപടികൾ ആവശ്യമാണ്.

## 1-34 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയിട്ടില്ല

വിവിധ ഇനങ്ങളിലായി, മുൻവർഷം നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് അക്കൌണ്ടിലേക്ക് മുതൽക്കൂട്ടപ്പെടാതെ അവശേഷിക്കുന്നതായി കാണുന്നു. Bidders EMD, Bidders Sd, Deposit Received From Others ഇനങ്ങളിൽ മുൻവർഷ നീക്കിയിരിപ്പ് തന്നെ തുടരുന്നുണ്ട്. Election Deposit(candidate)ഇനത്തിൽ നിലവിലും 38000/-രൂപ നീക്കിയിരിപ്പ് തുടരുകയാണ്. നിശ്ചിത വോട്ട് വിഹിതം ലഭ്യമാകാത്ത സ്ഥാനാർത്ഥികളുടെ ഡെപ്പോസിറ്റ് മുതൽക്കൂട്ടാത്തതാണ് ഈ അപാകതയ്ക്ക് കാരണം.

ഡെപ്പോസിറ്റുകൾ സംബന്ധിച്ച കൃത്യമായ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ ഇപ്രകാരം നിലനിൽക്കുന്ന തുകയിൽ മൂന്ന് വർഷം കഴിഞ്ഞതും കാലഹരണപ്പെട്ടതുമായ തുകകൾ കൃത്യമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. കാലഹരണപ്പെട്ട നീക്കിയിരിപ്പുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ബാധ്യതയായി തുടരുന്നതും അപാകതയാണ്.

## 1-35 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ട് നം.79/22, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പ്രോജക്ടിൽ APCOS മഹാദേവികാട് സൊസൈറ്റി മുഖേന 24, APCOS കുമാരകോടി സൊസൈറ്റി മുഖേന 4, ചേർത്ത് ആകെ 28 ഗുണഭോക്താക്കൾക്കായാണ് ആനുകൂല്യം വിതരണം ഉദ്ദേശിച്ചിട്ടുള്ളത്. 28 ഗുണഭോക്താക്കൾക്കായി 12500/-വീതം (ആകെ 350000/-രൂപ) മൃഗസംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർക്ക് അക്കൌണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

എ)ഇതുകയുടെ കൈപ്പറ്റ് രസീതിനൊപ്പം ഹാജരാക്കിയ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി നല്കിയ വിനിയോഗ വിവര പ്രകാരം 06.12.2022-ൽ 123322/-രൂപ പ്രോജക്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്നു. പ്രോജക്ട് നിലവിലും തുടർന്ന് വരുന്നതായതിനാൽ തുടർനിരീക്ഷണം ഉറപ്പാക്കേണ്ടതാണ്.

ബി)ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കല്ല ആനുകൂല്യം നല്കിയിട്ടുള്ളതെന്നാണ് ഹാജരാക്കിയ ഫയലിൽ കാണുന്നത്. 29.09.2021-ലെ 2(1)തീരുമാന പ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരാണ് ഫയലിൽ ആനുകൂല്യത്തിന് ഉദ്ദേശിച്ചവരുടെ പട്ടികയിൽ (28പേർ) ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷവും. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിഭാഗം പേർക്കും കന്നുകുട്ടികൾ ഉണ്ടായിരുന്നില്ല, അതിനാൽ കന്നുകുട്ടി രജിസ്റ്റർ പ്രകാരം കന്നുകുട്ടികളുള്ളവരെ കണ്ടെത്തി ആനുകൂല്യം നല്കുകയായിരുന്നതായാണ് മറുപടി (ഓഡിറ്റ് അന്വേഷണം നം.5/02.12.22-മേൽ ലഭ്യമാക്കിയത്). ഇവരെ ഉൾപ്പെടുത്തി സാധൂകരിച്ച ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റുള്ള പക്ഷം ആയത് പരിശോധനായോഗ്യമാക്കി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടെങ്കിലും ടി രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്ന ഗ്രാമസഭാ സാധൂകരണം ആവശ്യമാണ്.

## 1-36 ബോർഡുകളിൽ മാത്രമൊതുങ്ങുന്ന ജാഗ്രതാ സമിതി

വനിതാ ഘടകപദ്ധതി സംബന്ധിച്ചുള്ള പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം (ഖണ്ഡിക 7.4.2) സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടും സ്ത്രീകളുടെ സമൂഹപദവി ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും സ്ത്രീകളുടെയും കുട്ടികളുടെയും മാനസികാരോഗ്യത്തിന് സഹായമാകും വിധമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും മറ്റും ലക്ഷമിട്ടാണ് ജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്ത് തല ജാഗ്രതാ സമിതികൾ ആകെ മൂന്ന് യോഗങ്ങളാണ് കൂടിയിരിക്കുന്നത്(16/08/21,30/06/22,21/10/22). ജാഗ്രതാ സമിതി മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും കുട്ടികളെ രക്ഷിതാക്കൾ ഉപേക്ഷിച്ച് പോകുന്ന പ്രവണത ഏറിവരുന്നെന്നും ലഹരിയുടെ ഉപയോഗം വർദ്ധിച്ച് വരുന്നതിനാൽ സ്ത്രീകൾ കുട്ടികളെയും ഭർത്താവിനെയും ഉപേക്ഷിച്ച പോകുന്ന പ്രവണതകൾ ഏറി വരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെതിരെ ബോധവൽക്കരണ ക്ളാസുകൾ സംഘടിപ്പിക്കുണമെന്ന് തീരുമാനിച്ചതല്ലാതെ യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയതായി കാണുന്നില്ല. ജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും, പരാതി പരിഹാരത്തിനും, കൗൺസിലിംഗിനും സഹായകമായി ജെന്റർ ഡെസ്ക് സ്ഥാപിക്കാവുന്നതും, ടി പ്രവർത്തനങ്ങൾക്കായി MSW വോ തത്തുല്യമായ യോഗ്യതയോ ഉള്ള ഒരു വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കാവുന്നതുമാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങളൊന്നും നടത്തിയതായി കാണുന്നില്ല.

തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വിവിധ അംഗൻവാടികൾ കേന്ദ്രീകരിച്ച് 17 വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിൽ ജാഗ്രതാ സമിതികൾക്കായി 17 ബോർഡുകളും 1 പരാതിപ്പെട്ടിയും 30550/- രൂപ മുടക്കി സ്ഥാപിച്ചതല്ലാതെ സ്ത്രീകളുടെയും കുട്ടികളുടെയും മാനസികാരോഗ്യത്തിന് സഹായമാകും വിധമുള്ളതും, അവരുടെ ഉന്നമനത്തിനായുള്ള യാതൊരുവിധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ സാധിച്ചിട്ടില്ല. കേരളത്തിലെ സ്ത്രീസമൂഹം നേരിടുന്ന പ്രശ്നങ്ങൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിൽ നിന്നും വ്യത്യസ്തമാണ്. സാക്ഷരത, മാതൃമരണ നിരക്ക്, ശിശുമരണ നിരക്ക്, സ്ത്രീപുരുഷ അനുപാതം തുടങ്ങിയ മാനദണ്ഡങ്ങൾ സ്ത്രീക്ക് അനുകൂലം ആയിരിക്കുമ്പോഴും തൊഴിൽ, സുരക്ഷ, അധികാരം എന്നീ മേഖലകളിൽ കേരളസ്ത്രീ പിന്നാക്കം നിൽക്കുന്നു എന്നത് ഗൗരവമുള്ള വൈരുദ്ധ്യമാണ്. സ്ത്രീപദവി ഉയർത്തുവാൻ പര്യാപ്തമായ പദ്ധതികൾക്ക് രൂപം നല്കാൻ കഴിയണം. സ്ത്രീകളെ വികസന പ്രക്രിയയിൽ പങ്കാളികൾ ആക്കി, മുഖ്യധാരയിലേക്കു സ്വയം വരാൻ കഴിയുന്ന രീതിയിൽ ശാക്തീകരിക്കുകയും പ്രാദേശിക വികസനം സ്ത്രീ സൗഹാർദപരമാകുകയും വനിതാ ഘടക പദ്ധതി സ്ത്രീ ജീവിതത്തെ അടിസ്ഥാനമാക്കി നടപ്പാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകുകയും വേണം. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

## 1-37 ഹരിത കർമ്മ സേന - അവലോകനം

അജൈവ മാലിന്യ ശേഖരണം, സംഭരണം, തരംതിരിക്കൽ, കൈയ്യൊഴിയൽ തുടങ്ങിയ മേഖലയിൽ ഹരിത കർമ്മസേന സുസ്ത്യർഹമായ സേവനമാണ് നൽകിവരുന്നത്. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ആകെ 29 അംഗങ്ങളാണ് ഈ പ്രവർത്തനത്തിൽ വ്യാപൃതരായിരിക്കുന്നത്. വാസഗൃഹങ്ങൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ വാർഡുകളിൽ തന്നെ ആദ്യം സംഭരിക്കുകയും പിന്നീട് ഒരു പൊതുകേന്ദ്രത്തിലെത്തിച്ച് തരം തിരിച്ച് പഞ്ചായത്തിന് പുറത്തുള്ള പൊതുസംസ്കരണശാലയിലേക്ക് അയക്കുകയാണ് ചെയ്യുന്നത്.

അജൈവ മാലിന്യ സംഭരണത്തിനായി പഞ്ചായത്ത് തലത്തിൽ എം.സി.എഫ്, വാർഡുകളിൽ മിനി എം.സി.എഫുകൾ എന്നിവ സ്ഥാപിക്കപ്പെട്ടിട്ടില്ല എന്നത് ഇതിന്റെ സംഭരണ പ്രവർത്തനത്തെ ബാധിക്കുന്നതായി ഹരിത സഹായ സ്ഥാപനമായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.റ്റി.സി) തയ്യാറാക്കിയ 2021 നവംബറിലെ പ്രവർത്തന റിപ്പോർട്ടിൽ പറയുന്നുണ്ട്. തുടർന്ന് എം.സി.എഫിനായി പ്രതിമാസം 4915/- രൂപ വാടക നിശ്ചയിച്ച്

കെട്ടിടമെടുക്കുകയും തൻവർഷം 19660/- രൂപ വാടയിനത്തിൽ നൽകുകയും ചെയ്യു. ഇത് കൂടാതെ ഹോമിയോ ആശുപത്രിയുടെ മുകൾ ഭാഗവും പ്ലാസ്റ്റിക് കളക്ഷൻ സെന്ററായി ഉപയോഗിക്കുന്നു. എം.സി.എഫ് - ന് കെട്ടിടം നിർമ്മിക്കാനോ വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മിക്കുവാനോ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. തൃക്കുന്നപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിനടുത്ത് പഞ്ചായത്ത് വക ഭൂമിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഖരമാലിന്യസംസ്കരണ കേന്ദ്രത്തിൽ മാലിന്യം ഒന്നും തന്നെ നിക്ഷേപിക്കപ്പെടുന്നില്ല. ഉമ്പൂർമൂഴി മാതൃകയിലെ ഖരമാലിന്യ സംസ്കരണത്തിന് ഈ കേന്ദ്രം ഉപയുക്തമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള പക്ഷം ഇതിനെ എം.സി.എഫ് ആയി രൂപാന്തരപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ 2022 ജൂലൈയിലാണ് ആദ്യമായി മുഴുവൻ വീടുകൾ, കച്ചവടസ്ഥാപനങ്ങളെന്നിവരിൽ നിന്ന് പൂർണ്ണമായ യൂസർ ഫീസ് ഈടാക്കാൻ കഴിഞ്ഞത്. വാസഗൃഹങ്ങളിൽ നിന്ന് അൻപതും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നൂറും രൂപയാണ് പ്രതിമാസ യൂസർ ഫീ ഈടാക്കി വരുന്നത്. 2022 ജൂലൈയിൽ ഇപ്രകാരം 395750/- രൂപ യൂസർ ഫീസായി ലഭിച്ചു. തൻമാസം 2938 കി.ഗ്രാം മാലിന്യമാണ് ശേഖരിച്ച് തരം തിരിക്കപ്പെട്ടത്. ഒരു ദിവസത്തെ ജോലിക്ക് 1000/- രൂപ ക്രമത്തിൽ തന്മാസം പ്രവർത്തനത്തിൽ പങ്കാളികളായ 17 തൊഴിലാളികൾക്കായി 333700/- രൂപ വേതനമായി നൽകപ്പെട്ടു. ഇത്തരത്തിൽ ഒരു തൊഴിൽ ദാതാവായി പ്രവർത്തിക്കുവാനും ഹരിത കർമ്മസേനയ്ക്ക് കഴിയുന്നു.

മാലിന്യ നീക്കം സുഗമമാക്കാൻ 2021-22 ൽ പ്രോജക്ട് നമ്പർ 160/22 വഴി 415141/- രൂപ മുടക്കി ഇലക്ട്രിക് മുച്ചക്ര വാഹനം വാങ്ങി നൽകിയിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങളിൽ നിന്ന് തന്നെ ഈ വാഹനം ഓടിക്കാൻ കഴിയുന്നവരെ കണ്ടെത്തി പരിശീലനം നൽകിയിട്ടുണ്ടെങ്കിലും അവരുടെ സേവനം ഈ രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പകരം ദിവസ വേതനത്തിൽ പ്രത്യേക ഡ്രൈവറെ വച്ചാണ് ഈ വാഹനമുപയോഗിച്ചുള്ള മാലിന്യ നീക്കം സാദ്ധ്യമാക്കുന്നത്. ഹരിത കർമ സേനാംഗങ്ങളെ തന്നെ വാഹനം ഓടിക്കുന്നതിന് പര്യാപ്തരാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹരിത കർമ്മ സേനയ്ക്കും കൺസോഷ്യത്തിനും പ്രത്യേക ഓഫീസ് സംവിധാനം ഒരുക്കിയിട്ടില്ലയെന്നത് ഒരു പ്രധാന പരിമിതിയായി ഐ.ആർ.റ്റി.സിയുടെ മുഴുവൻ പ്രവർത്തന റിപ്പോർട്ടിലും ചൂണ്ടിക്കാട്ടുന്നുണ്ട്. ഇത് മറികടക്കാൻ യുക്തമായ നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

അജൈവമാലിന്യത്താൽ പ്രത്യേകിച്ച് പ്ലാസ്റ്റിക് മാലിന്യത്താൽ നാട് മലീമസമാകാതിരിക്കുവാൻ ഹരിത കർമ്മസേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനൊപ്പം മാലിന്യം റോഡരികിലും പൊതുസ്ഥലത്തും നിക്ഷേപിക്കുന്നവർക്കെതിരെ കർക്കശമായ നടപടിയും സ്വീകരിക്കേണ്ട ഉത്തരവാദിത്തം തദ്ദേശഭരണസ്ഥാപനത്തിനുണ്ട്. 2022 ജൂലൈ ഒന്ന് മുതൽ രാജ്യവ്യാപകമായി നടപ്പിലാക്കപ്പെട്ട ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കിന്റെ നിരോധനം കൃത്യമായി നടപ്പാക്കാനും പഞ്ചായത്ത് ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടേക്ക് എ ബ്രേക്ക് - പ്രവൃത്തി പൂർത്തീകരിക്കാതെ മുഴുവൻ തുകയും അനുവദിച്ചു

കരാർ നം.18/AE/LSGD/10.02.21

എസ്റ്റിമേറ്റ് -999215.57

കരാറുകാരൻ - ഗോപാല കൃഷ്ണൻ

എം. ബുക്ക് നം. 21/20-21

ചെലവിന്റെ വിശദാംശം:

522190/-ബിൽ നം.4/16.11.21

418884/-ബിൽ നം.6/07.01.22

ടേക്ക് എ ബ്രേക്കിന്റെ ഭാഗമായി തൃക്കുന്നപ്പുഴ ജംഗ്ഷനിലെ പ്രധാന റോഡിൽ നിന്നുമുള്ള കവാടം ഇന്റർലോക്കിട്ട്

സൗന്ദര്യവൽക്കരിക്കലും വിശ്രമ കേന്ദ്രം ഒരുക്കലും എന്ന പദ്ധതിക്കായി 941074/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചു. അപാകതകൾ താഴെ കൊടുക്കുന്നു.

1)സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല .

കായൽ ഡ്രഡ്ജ് ചെയ്ത മണ്ണ് ഉപയോഗിച്ച് നികത്തിയ ഈ സ്ഥലം സംബന്ധിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. ഏകദേശം 10 സെന്റിൽ കൂടുതൽ വരുന്ന പഞ്ചായത്തിന്റെ ഈ പുറമ്പോക്ക് സ്ഥലം അളന്ന് നിശ്ചയിച്ച് പഞ്ചായത്തിന്റെ പേരിലാക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

2)പ്രവൃത്തി നിലവിലും പൂർത്തീകരിച്ചിട്ടില്ല

കെട്ടിടം പ്രവർത്തനക്ഷമമാക്കുവാനാവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തിയാവണം പ്രവൃത്തികൾ നടപ്പിലാക്കേണ്ടതെങ്കിലും അപ്രകാരം ചെയ്തിട്ടില്ല എന്ന് കാണുന്നു. ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ ഉൾപ്പെടെ 999215.57 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റിൽ അതൊഴിവാക്കി. 6 മാസമായിരുന്നു പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവെങ്കിലും ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ പ്രവൃത്തികൾ എന്നിവ നിലവിലും നടപ്പിലാക്കിയിട്ടില്ല.

3)എം. ബുക്കിൽ അളവ് രേഖപ്പെടുത്തിയ പല ഇനങ്ങളും  നിലവിൽ സ്ഥാപിച്ചിട്ടില്ല

എം. ബുക്കിൽ അളവ് രേഖപ്പെടുത്തിയ പല ഇനങ്ങളും നിലവിൽ സ്ഥാപിച്ചിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

I) Item 9, Providing And Fixing Panelled And Glazed Shutters For Doors, Windows Etc 1.76m2@3329 = 5859.04

എന്നാൽ സ്ഥലപരിശോധനയിൽ ഷട്ടർ സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടു.

Ii) Item 7 പ്രകാരം Supplying And Fixing Name Board @ 3000 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു ബോർഡ് സ്ഥാപിച്ചിട്ടില്ല.

Iii) എസ്റ്റിമേറ്റ് റിവൈസ് ചെയ്ത്, വാട്ടർ ടാങ്ക് 500 ലിറ്റർ എന്നത് 1500 ലിറ്റർ ആയി മാറ്റിയിരിക്കുന്നു. വാട്ടർ ടാങ്ക് 1000 ലിറ്റർ ആണ് സ്ഥാപിച്ചിരിക്കുന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

4) പഞ്ചായത്ത് ഭൂമിയിൽ അനധികൃത കൈയേറ്റം

പഞ്ചായത്തിന്റെ ആസ്തിയിൽ അനധികൃതമായി കടകൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആസ്തിയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ നീക്കം ചെയ്യുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.

5) പല ആസ്തികളും നിഷ്ക്രിയാസ്തിയായി നിലനിൽക്കുന്നു .

ടേക്ക് എ ബ്രേക്കിനായി നിർമ്മിച്ച കെട്ടിടത്തിന് സമീപമായി ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം എന്ന പേരിൽ 2017-18 വർഷം നിർമ്മിച്ച കെട്ടിടം നിലവിലുണ്ടെങ്കിലും ആയത് ഇതേ വരെയും ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് കൂടാതെ എയ്റോബിക് കമ്പോസ്റ്റ് ബിന്നുകൾ, ടോയ്‌ലെറ്റ് ബ്ലോക്കുകൾ എന്നിവയും നിഷ്ക്രിയമായി നിലനിൽക്കുന്നു.

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ബോർഡും 500 ലിറ്ററിന്റെ ഓവർഹെഡ് ടാങ്കും സ്ഥാപിച്ചതായി മറുപടി നൽകി. ഇനം.9 ആയി ചെയ്ത ഗ്ലാസ് പാനൽ പൊട്ടിപ്പോയതിനാൽ പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചതായും മറുപടി നൽകിയിട്ടുണ്ട്. നിലവിൽ ഗ്ലാസ് പാനൽ സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 5859/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഇലക്ട്രിഫിക്കേഷൻ, വാട്ടർ സപ്ലൈ എന്നിവ ഇതേവരെയും ടി കെട്ടിടത്തിൽ ഉൾപ്പെടുത്തി കെട്ടിടം ഉപയോഗപ്രദമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ നിരാകരിച്ച തുക കഴിച്ചുള്ള 935215/- രൂപ തടസ്സപ്പെടുത്തുന്നു. സ്ഥാപിച്ചിട്ടുള്ള വാഷ് ബേസിൻ, വാട്ടർ ടാങ്കിന്റെ പരിസരം എന്നിവ വൃത്തിഹീനമായ അവസ്ഥയിലാണ്. വ്യക്തമായ ആസൂത്രണം നടത്തി പദ്ധതിപ്പണം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 180000 | പാലിയേറ്റീവ് കെയർ പദ്ധതി 2021-22 | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 350000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 920000 | ലൈഫ് പദ്ധതി – ഭൂമിയുള്ള ഭവന നിർമ്മാണ പൂർത്തീകരണം | 920000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1120000 | S0134/22 ലൈഫ് മിഷൻ പദ്ധതി- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പൂർത്തീകരണം | 1120000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 305760 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 305760 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 5680000 | ലൈഫ് പദ്ധതി – ഭൂമിയുള്ള ഭവന നിർമ്മാണ പൂർത്തീകരണം | 5680000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാര | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 620000 | ലൈഫ് മിഷൻ പദ്ധതി Sc വിഭാഗത്തിൽപ്പെട്ട ഭൂമിയുടെ | 620000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | S0134/22 ലൈഫ് മിഷൻ പദ്ധതി- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പൂർത്തീകരണം | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | | |
| KSEB | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | | 2976917 | 2427492 | 549425 |
| | | | | | |
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 3000000 | 1243000 | 1757000 |
| | | | | | |
| GWA | കുഴൽ കിണർ നിർമ്മാണം | | 1364400 | 0 | 1364400 |
| ഐ.ആർ.റ്റി.സി | എം.സി.എഫ് നിർമ്മാണം | | 142000 | 0 | 142000 |
| | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ ചെലവൊന്നുമില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | | 59292000 | 5568000 | | 53724000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1717/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ, തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2019-20 | 1-23 | 1717 | അഹമ്മദ് കബീർ | 1220100405, 02/06/2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഒന്നുമില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109422423 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120422888 |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5859 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6890841 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-19 | | 5859 | ജയശ്രീ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 5859 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1467898 | അരുൺകുമാർ, വി.ഇ.ഒ |
| 1-18 | 60000 | ശ്രീ. അരുൺ. ആർ.ജി, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-19 | 935215 | ജയശ്രീ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-20 | 274978 | ഡോ.ശരത്, മെഡിക്കൽ ഓഫീസർ |
| 1-21 | 82244 | രശ്മി രാമകൃഷ്ണൻ, ഹോമിയോ മെഡിക്കൽ ഓഫീസർ |
| 1-22 | 20000 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-23 | 22769 | അരുൺകുമാർ, വി.ഇ.ഒ |
| 1-25 | 549425 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-26 | 96949 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-27 | 3121400 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| 1-28 | 142000 | ജയശ്രീ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 117963 | സിന്ധു ബാലകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 6890841 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അരുൺ. ആർ ജി<br>ഫിഷറീസ് സബ് ഇൻസ്പെക്ടർ | തൃക്കുന്നപ്പുഴ | ശ്രീരാവം,ഏവൂർ നോർത്ത്, ചേപ്പാട് |
| ജയശ്രീ.റ്റി<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തൃക്കുന്നപ്പുഴ | ആശാ സദനം, പുന്നപ്ര.പി.ഒ ആലപ്പുഴ |
| സിന്ധു ബാലകൃഷ്ണൻ<br>സെക്രട്ടറി | സെക്രട്ടറി, തൃക്കുന്നപ്പുഴ പഞ്ചായത്ത് | കൊച്ചാല്യംമൂട്ടിൽ, ചിങ്ങോലി പി.ഒ, ആലപ്പുഴ |
| അരുൺ കുമാർ റ്റി എസ്,<br>വി.ഇ.ഒ | വി.ഇ.ഒ തൃക്കുന്നപ്പുഴ | റോഡ് ചിറ, ചിങ്ങോലി |
| ഡോ.ശരത്, മെഡിക്കൽ ഓഫീസർ<br>ഫിഷറീസ് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ<br>ഫിഷറീസ് ഹോസ്പിറ്റൽ | പറമ്പിൽ ഹൗസ്<br>എസ്.എൽ.പുരം ചേർത്തല |
| രശ്മി രാമകൃഷ്ണൻ,<br>ഹോമിയോ മെഡിക്കൽ ഓഫീസർ | ഹോമിയോ മെഡിക്കൽ ഓഫീസർ, തൃക്കുന്നപ്പുഴ | രശ്മി, സനാതനപുരം,<br>കളവംകോടം പി. ഒ |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 To 1999-2000 | എൽ.എഫ്.എ-ജി.എ5.1832/11, തീയതി – 31-01-2012 |
| 2000-01 | എൽ.എഫ്.എ-ജി.എ12./256/05, തീയതി. 18-05-2005 |
| 2001-2002 | എൽ.എഫ്.എ-ജി.എ12./912/06, തീയതി. 10-11-2006 |
| 2002-03 | എൽ.എഫ്.എ-ജി.എ12/1667/07, തീയതി. 28.07.2008 |
| 2003-04 | എൽ.എഫ്.എ12-1245/09, തീയതി. 12.03.09/18.04.2009 |
| 2004-05 | എൽ.എഫ്.എ-പി3-178(1)/12, 05.10.2012/12.10.2012 |
| 2005-06 | എൽ.എഫ്.എ.പി3-178(2)/12, 05.10.2012/12.10.2012 |
| 2006-07 | എൽ.എഫ്.എ.പി3-178(3)/12, 05.10.2012/12.10.2012 |
| 2007-08 | എൽ.എഫ്.എ-പി3-178(4)/12, 14.03.2013 |
| 2008-09 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-1577/13, 15.05. |
| 2010-11, 2011-12 | എൽ.എഫ്.എ.പി3-739/13, 02.01.2014/07.02.2014 |
| 2012-13 | എൽ.എഫ്.എ-പി3-131/15, തീയതി. 21.03.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി3-217/16, 15.03.16/26.03.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി3-834/16, 30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി3-1311/16, 21.11.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി3-1323/17, 07.11.2017 |
| 2017-18 | നം.കെ.എസ്.എ-എ.എൽ.പി-പി3-15/19, തീയതി. 07.02.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി-പി3-912/19, തീയതി. 15.01.2020 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി-പി3/1023/21 |
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി-പി3/,1024/21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്